Registered No. M-4485

Madras War Review { MALAYALAM 10-12-1943

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിൻെറ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III] 1943 ഡിസെമ്പർ 10-ാംനു, വെള്ളിയാഴ്ച, [ലക്കം 15



## വിശ്വചിത്രവൈചിത്ര്യം

(പാന)

വിശ്വനാഥൻ കുറിക്കുന്ന ചിത്രത്തിൽ
വിശ്വാസക്കേട്ട കാട്ടൊലാ, ക്രൂരരെ
അതിലുള്ള കണക്കും വഴക്കുമി-
ന്നതിരില്ലാതെ ഗൌരവം നേടുന്നു.
മനുജാതിയിൽ വന്നു പിറന്നുള്ള
സകലർക്കു മൊരുമിച്ചടിമത്തം
വരുമാറുള്ള ഭീതി പരത്തുന്ന
പരിതാപം വരുത്തീടും ദുഷ്ടർക്കു
കരുതീട്ടുള്ള ശിക്ഷാവകുപ്പുകൾ
പരിചോടെ തെളിയുന്നു ചിത്രത്തിൽ.
ഐക്യകക്ഷികൾക്കത്ര വളരുന്ന
സഖ്യശക്തിയുമുണ്ടതിൽ കാണുന്നു.
ലോകമാതാവിൻ സന്തതിക്കാകവെ
പാകംചെയ്യുള്ള സ്വാതന്ത്ര്യരക്ഷക്കും;
ഭൂമിദേവി തരുന്ന വിഭൂതിയെ
കാമിതംപോലെ കൈവരുത്തീടാനും;
മനുജാതിയിൽ വന്നു പിറന്നുള്ളോ-
ർക്കനുശാസനം മൈത്രിയെന്നാക്കാനും;
സഖ്യശക്തികൾ സാന്ദ്രമായ് വർത്തിക്കും
ദുഃഖിക്കേണ്ടാ, ക്ഷമിക്കുവിൻ ലോകരെ.
ലക്ഷ്യംനോക്കിപ്പുരോഗതി തേടുമ്പോൾ
രക്ഷിക്കേണമീധർമ്മത്തെയെല്ലാരും
അയൽവാസിയെപേടിപ്പെടുത്തൊലാ
അലിവോടുനാമാദരിച്ചീടണം;
ജീവിതതത്വമാണിതെന്നോക്കണം
ഭാവിയീവിധമായിടും നിശ്ചയം.

—പ്രസിഡെണ്ടു് റൂസ്‌വെൽട്ടു് 1943 ഡിസെമ്പർ 7-ാം തിയ്യതി എഴുതിയ ഒരു ലേഖനസാരാംശം

വിഷയവിവരം


| | ഭാഗം |
|---|---|
| വിശ്വചിത്രവൈചിത്ര്യം .. .. .. | 1 |
| വർത്തമാനച്ചുരുക്കം .. .. .. .. | 2 |
| പ്രതിവാരചിന്തകൾ .. .. .. .. | 3, 4 |
| പ്രത്യേകലേഖനങ്ങൾ : | |
| കെയിറൊ / ടിഹറാൻ സമ്മേളനം / നാളെ .. .. .. | 5, 6 |

| | ഭാഗം |
|---|---|
| ഇതെല്ലാം ആരറിഞ്ഞു ? .. .. .. | 7, 8 |
| കഥാപംക്തി : കൊടുങ്കാററ് .. .. .. | 9, 10 |
| മരക്കിഴങ്ങ് .. .. .. .. .. | 11 |
| 5,000 ക. ഇനാം .. .. .. .. | 12 |


# വർത്തമാനച്ചുരുക്കം

തുർക്കിയിലെ പ്രസിഡണ്ട് മി. റൂസ്‌വെൽട്ടിനെ കാൺമാനായി കെയിറോവിൽ എത്തിയിരിക്കുന്നു.

*   *   *

ഇന്ത്യൻ നിയമനിർമ്മാണ സഭയുടെ ഒരു യോഗം ഡൽഹിയിൽ വെച്ചു ഫിബ്രവരി 7-ാം തിയ്യതി ആരംഭിക്കുന്നതാണ്.

*   *   *

ലിപ്‌സിഗ്ഗ് ജർമ്മനിയിലെ ഒരു പ്രധാന വ്യവസായ കേന്ദ്രമാണ്. ഡിസെമ്പർ 3-ാം തിയ്യതി ആർ. എ. എഫ്. വിമാനങ്ങൾ ഇവിടെചെന്ന് 1,500 തൻ ബോംബുകൾ വർഷം ചെയ്തിരിക്കുന്നു.

*   *   *

പുതുതായി ഒരു വാൽനക്ഷത്രത്തിനെ കാൺമാൻ തുടങ്ങിയിരിക്കുന്നുവെന്നു ഭൂഗോള ശാസ്ത്രജ്ഞന്മാർ പ്രസ്താവിക്കുന്നു. അതു ഇനിയും പൊതുവെ ദൃശ്യമായിട്ടില്ല ; അതിന്നു വാലും മുളച്ചിട്ടില്ല ; എന്നാണ് റിപ്പോർട്ട്.

*   *   *

ഡിസെമ്പർ 31-ാം തിയ്യതിക്കു മുമ്പു ഗവർമ്മേണ്ടിൻെറ സീല്‌വെക്കാത്തതായ വസ്ത്രങ്ങളെല്ലാം വിററഴിക്കേണമെന്ന് തുണിക്കച്ചവടക്കാർക്കെല്ലാം കല്പന കൊടുത്തിരിക്കുന്നു. അതിന്നുശേഷം സീല്‌വെക്കാത്ത ശീല വില്ക്കുന്നവരുടെ ലൈസൻസ് എടുത്തുകളയുമെന്നാണു നിശ്ചയം.

*   *   *

ശാന്തസമുദ്രരംഗത്തിലെ മദ്ധ്യപ്രദേശത്തുള്ള ഗിൽബർട്ട് ദ്വീപുകളിൽ ഉള്ള തറാവ എന്ന ദ്വീപിൽ അമേരിക്കൻ വിമാനങ്ങൾ ചെന്നു അതിഗംഭീരമായ ആക്രമണം നടത്തിയിരിക്കുന്നു. 2,900 തൻ തൂക്കത്തിൽ ബോംബുകൾ ഇട്ടിരിക്കുന്നുവത്രെ. യുദ്ധത്തിൽ ഇതേവരെ ഇങ്ങിനെയൊരാക്രമണം ഉണ്ടായിട്ടില്ല.

*   *   *

കഴിഞ്ഞ ഞായറാഴ്ച രാവിലെ ജാപ്പാൻ വിമാനങ്ങൾ കൽക്കത്തയെ ആക്രമിച്ചു. ശത്രുക്കളുടെ ബോംബർ വിമാനങ്ങളും ഫൈററർ വിമാനങ്ങളും ഉണ്ടായിരുന്നു. കുറേബോംബുകൾ ഇട്ട് അല്പം ചില നഷ്ടങ്ങൾ വരുത്തിയിരിക്കുന്നുവത്രെ. കഴിഞ്ഞകൊല്ലം ഡിസെമ്പർ മാസത്തിലും ജനവരിയിലും ഉണ്ടായ ശത്രുവിമാനാക്രമണമെല്ലാം രാത്രിയായിരുന്നു.

പേർസ്യയിലെ ടിഹറാൻ നഗരിയിൽവെച്ച് മി. റൂസ്‌വെൽട്ട്, മി. ചർച്ചിൽ, മി. സ്റ്റാലിൻ, എന്നീ ലോകനേതാക്കൾ യുദ്ധകാര്യത്തെ സംബന്ധിച്ച് കൂടിയാലോചന നടത്തിയിരിക്കുന്നു. ടിഹറാനിൽ വെച്ചുകൂടുന്നതിന്നു മുമ്പ് മി. ചർച്ചിൽ, മി റൂസ്‌വെൽട്ട്, ജനറലിസിമൊ ചിയാങ്ങ് കീ ഷേക്ക് ഈ മൂന്നു നേതാക്കളും കെയിറോവിൽ കൂടിയൊരു കൂടിയാലോചനയുണ്ടായി. ചിയാങ്ങ് ടിഹറാനിൽ ഉണ്ടായിരുന്നില്ല.

*   *   *

ചെക്കോസ്ലോവേക്കിയായും റഷ്യയും കൂടി ഒരു സന്ധിചെയ്യാനുള്ള നിശ്ചയങ്ങളെല്ലാം ചെയ്തുവരുന്നു. ഉടനെ രേഖ ഒപ്പിടുന്നതാണ്. ചെക്കോസ്ലോവാക്കിയാ 1938 ൽ ഹിററ്ലർ ഭയപ്പെടുത്തി പിടിച്ചടക്കിയ രാജ്യമാണ്. കഴിഞ്ഞ യുദ്ധത്തിന്നുശേഷം ഉണ്ടായിട്ടുള്ളതും, മദ്ധ്യ യൂറോപ്യൻ പ്രദേശത്തു കിടക്കുന്നതുമായ ഒരു ഉശിരും ചുണയുമുള്ള രാജ്യമാണിതു്. ചെക്കോസ്ലോവേക്കിയാവെ സംബന്ധിച്ച് നമുക്കു ഏററവും സുപരിചിതമായ ഒരു സാധനം ബാററാ എന്നുപറയുന്ന ചെരുപ്പുകളാണ്. ഈ രാജ്യത്തു തന്നെയാണ് സ്കോഡാ എന്നുപറയുന്ന ഒരു ഗംഭീരമായ ആയുധനിർമ്മാണശാലയും ഉള്ളതു്. ചേക്കൊസ്ലോവെക്കിയായുടെ ഗവർമ്മേണ്ടു് ഇപ്പോൾ നടന്നുവരുന്നതു ലണ്ടനിൽവെച്ചാണ്.

*   *   *

ഇരുപത്തിമൂന്നോളം സാധനങ്ങളുടെ പേര് അടങ്ങിയ ഒരു ലിസ്റ്റ് ഇന്ത്യാഗവർമ്മേണ്ടു പ്രസിദ്ധം ചെയ്തിരിക്കുന്നു. ഇതിൽ പറയുന്ന സാധനങ്ങളൊന്നും ഒരു കുടുംബം മൂന്നുമാസത്തിൽ അധികകാലത്തേക്കുപയോഗിക്കുവാൻ ശേഖരിച്ചുവെക്കരുതു്. അങ്ങിനെ ചെയ്യുന്നതു് നിയമവിരുദ്ധമായിരിക്കും. എന്നാൽ ഈ സാധനങ്ങൾ ഉണ്ടാക്കുന്നാൾക്കോ വില്പനക്കാരന്നോ ശേഖരിച്ചുവെക്കാവുന്നതുമാണ്. ഒരാൾക്കോ, കുടുംബത്തിന്നോ മൂന്നുമാസത്തിലധികകാലം ലിസ്റ്റിൽപറഞ്ഞ സാധനങ്ങൾ കരുതേണമെങ്കിൽ അതിന്നു പ്രത്യേക കാരണം തെളിയിക്കണം. ലിസ്റ്റിലെ സാധനങ്ങളിൽപെട്ടവയെല്ലാം ഭക്ഷണം, പാനീയം, പൊകല എന്നീ വകുപ്പുകളിൽ പെട്ടവയാണ്. അവയിൽ ചിലതാണ്: സിഗററ്, അരി, നെല്ലു, ഇവയൊഴിച്ച് മററു ഭക്ഷണപദാർത്ഥങ്ങൾ, നെയ്യ്, വെളിച്ചെണ്ണ, തീപ്പെട്ടി മുതലായവ.

## ബ്രിട്ടീഷ്—ജർമ്മൻ യുദ്ധം

### 223-ാമത്തെ ആഴ്ച

### 1939 സപ്തെമ്പർ 3-ാം തിയ്യതി ആരംഭിച്ചു



# പ്രതിവാരചിന്തകൾ

യുദ്ധത്തിന്റെ ശ്രുതി മുറുകുന്നു. യുദ്ധരംഗങ്ങളിൽ നടക്കുന്ന സംഭവങ്ങളെക്കൊണ്ടു മാത്രം മനസ്സിലാവുന്ന സംഗതിയല്ലാ ഇതു്. ഈ രംഗങ്ങളിലെ സ്ഥിതിക്കു വലിയ മാററങ്ങളൊന്നും കണ്ടുവെന്നു് വരികയില്ല. ഇററലിയിൽ ഇറങ്ങിയിരിക്കുന്ന അഞ്ചാം സൈന്യവും എട്ടാം സൈന്യവും ക്ലേശഗർഭമായ വഴിയിൽ കൂടിത്തന്നെയാണു് ഇന്നും യാത്ര. അവക്കു പുരോഗതിതന്നെയാണെങ്കിലും ശീഘ്രഗതിയല്ലെന്നു തീച്ച

യായ വിമാനരക്ഷയോടുകൂടിയാണു് കാലാൾപട മുന്നോട്ടു കടക്കുന്നതു്. അഞ്ചാം സൈന്യത്തിന്റെ ഈ ഗതിക്കനുസരിച്ചുതന്നെയാണു് എട്ടാം സൈന്യത്തിന്റെ ഗതിയും. ഐക്യകക്ഷി സൈന്യത്തിന്റെ ഗതി എത്ര സാവധാനത്തിലാണെങ്കിലും കാലന്റെ കോട്ടയുംകൂടി തകരുന്ന മാതിരിയിലാണു് അവരുടെ പീരങ്കിവെടി.



അമേരിക്കയിലെ മന്ത്രി കോർഡൽ ഹൾ മോസ്കോ സമ്മേളനത്തിന്നെത്തിച്ചേരുന്നതു്. മുൻഭാഗത്തു കാണുന്നതു് ഇദ്ദേഹവും, റഷ്യ വിദേശ കാര്യമന്ത്രി മോളോട്ടോവും ആണു്.

പറയാം. മഴ കലശലായിട്ടുണ്ടു്; വഴിയാണെങ്കിൽ കാടുകളിൽകൂടിയും മലകളിൽകൂടിയുമാണു്. ജർമ്മൻ സൈന്യത്തിന്റെ എതിർപ്പു് കലശലായിട്ടുണ്ടു്. പക്ഷെ ഒടുവിൽ പറഞ്ഞ കഷ്ടപ്പാടിന്നുള്ള നിവൃത്തിമാർഗ്ഗം ഐക്യകക്ഷിസൈന്യങ്ങൾക്കു് സുലഭമായിട്ടുണ്ടെന്നു പറയാം. അടുത്ത ദിവസം അഞ്ചാം സൈന്യം ഒരു പടയെടുപ്പു് ആരംഭിച്ചതിന്റെ പൂർണ്ണവിവരം കിട്ടിയിരിക്കുന്നു. ആദ്യമായി 650 പീരങ്കികൾ ഘോരഗർജ്ജനം ചെയ്തുകൊണ്ടാണു് അഞ്ചാം സൈന്യത്തിന്നുള്ള വഴി വെട്ടിത്തെളിയിച്ചതു്. വെടിയുടെ കോലാഹലം കേട്ടു് പരിഭ്രമിച്ചു് ജർമ്മൻ സൈന്യത്തിൽപെട്ട അനവധി ആളുകൾ കുട്ടികൾ കരയുംപോലെയാണത്രെ കരയുന്നതു്. ഇവരിൽ പലരും തടവുകാരായി ഐക്യകക്ഷികളുടെ കയ്യിൽ പെട്ടിട്ടുണ്ടു്. പീരങ്കിയുടെ പിന്നാലെ അതിശക്തി

## റഷ്യൻരംഗം

റഷ്യൻ രംഗത്തിൽ പുരോഗതിതന്നേയാണു് റഷ്യൻ സൈന്യത്തിനെങ്കിൽകൂടി ജർമ്മൻ സൈന്യം മരണഭയമില്ലാതെയാണെതൃക്കുന്നതു്. ഈ രംഗത്തിൽ മൂന്നു പ്രധാന ഖണ്ഡത്തിൽ അതിഭയങ്കര യുദ്ധം നടന്നുകൊണ്ടിരിക്കുന്നു. വൈററ് റഷ്യയിൽ സ്മോലെൻസ്കി നഗരിക്കടുത്തുവെച്ചു് ജർമ്മൻ സൈന്യത്തിന്റെ എതിർപ്പു് ഏററവും ശക്തിയോടുകൂടിയാണു്. റഷ്യൻ സൈന്യം മൂന്നു വഴിയായി ഈ നഗരിയെ ആക്രമിക്കുന്നു. രണ്ടാമതൊരു ഖണ്ഡം നീപ്പർ നദിയുടെ തീരത്തുള്ള ക്രമൻചെഗ്ഗ്, ചെർക്കാസി എന്നീ നഗരികൾക്കിടയിലാണു്. ചെർക്കാസി നീപ്പർനദിയുടെ കിഴക്കെ തീരത്തിൽ ജർമ്മൻ സൈന്യത്തിന്നു് അവശേഷിച്ചിട്ടുള്ള ഒരു സൈന്യകേന്ദ്രമായതിനാൽ അതു് റഷ്യക്കാക്കു വിട്ടു


കൊടുപ്പാൻ നന്നെ മടിയുണ്ട്. പക്ഷെ വിടാതെ നിവൃത്തിയില്ലെന്നുള്ള ഘട്ടത്തിലായിട്ടുണ്ടുതാനും. ചെർക്കാസി വിട്ടുകൊടുത്താൽ നീപ്പർനദിയുടെ താഴ്വരയിൽപെട്ടുകിടക്കുന്ന ഒരു വമ്പിച്ച ജർമ്മൻ സൈന്യത്തിന്ന് യാതൊരു രക്ഷയുമില്ല. അതിനാലാണ് ഇവിടെയുള്ള ജർമ്മൻ എതൃപ്പിന്ന ഇത്ര കരുത്ത്. മൂന്നാമതൊരു യുദ്ധഖണ്ഡം കരിങ്കടലിന്റെ വക്കിനാണ്. ഇവിടെയും ഘോരയുദ്ധം നടക്കുന്നുണ്ടെങ്കിലും ആയവ്യയം ഇനിയും അറിയാറായിട്ടില്ലെന്നുള്ള സ്ഥിതിയിലെ ആയിട്ടുള്ളു.

## ബർലിൻ

പ്രധാന യുദ്ധരംഗങ്ങളിലുള്ള സ്ഥിതി ഈ വിധത്തിലാണെങ്കിലും യുദ്ധത്തിന്റെ ശ്രുതി കയറുന്നത് നാം നിമിഷംപ്രതി കാണുകയും ചെയ്യുന്നു. അതിന്നു കാരണം ഹിററ്ലറുടെ തലസ്ഥാന നഗരി ആർ. എ. എഫ്. വിമാനങ്ങളുടെ ബോമ്പാക്രമണംകൊണ്ട് തകരുന്ന പ്രതിദ്ധ്വനി നാം ഇപ്പോൾ ധാരാളമായി കേൾക്കുന്നതാണ്. ഡിസെമ്പർ 3-ാം തിയ്യതിയോടുകൂടി യുദ്ധം തുടങ്ങിയതിന്നുശേഷം 95-ാമത്തെ വിമാനാക്രമണം ബർലിൻ നഗരി അനുഭവിച്ചു. എന്നാൽ ഇതിൽ എല്ലാററിലുംവെച്ച് ഏററവും മികച്ചതായിരുന്ന ഒടുവിൽ ഉണ്ടായ അഞ്ചു ആക്രമങ്ങൾ. രണ്ടായിരത്തിഅഞ്ഞൂറു തൻ ബോമ്പുകൾ ഒരൊററ രാത്രികൊണ്ടാണ് ബർലിൻ നഗരിയിൽ കൊണ്ടുപോയി ഇട്ടത്. യൂറോപ്പു മുഴുവൻ തകർന്നുപോകാൻ ശക്തിയുള്ള ഈ ബഡവാഗ്നി ബർലിൻ നഗരിയിൽ എന്താണ് അനുഭവം ഉണ്ടാക്കിയതെന്ന് ഊഹിച്ചാൽ അറിയാവുന്നതാണ്. ഈ നിലക്ക് എത്ര നിമിഷം ഇവിടുന്നങ്ങോട്ട് ഹിററ്ലർക്കു തന്റെ ഗർവ്വ് പുലർത്തിക്കൊണ്ടുവരുവാൻ സാധിക്കുമെന്നറിഞ്ഞുകൂടാ.

## മലബാർ ഇംപ്രൂവ്മെൻറ് ട്രസ്റ്റ്

അവനവന്റെ നാടു നന്നായാൽ കൊള്ളാമെന്ന് മോഹമില്ലാത്തവർ ആരുംതന്നെയില്ല. പക്ഷെ, ഒരുത്തനൊരുത്തന് ചാടിയാൽ പൊങ്ങാത്ത ഒരു വിഷയമാണിത്. സർവ്വസമ്മതമായ ഒരു കാര്യത്തിൽ സർവ്വജനസഹായം ഒന്നായി രൂപീകരിക്കുവാനാണ് ആദ്യമായി നാം ശ്രമിക്കേണ്ടത്. കുചേലന്റെയും കുബേരന്റേയും സഹായം ഒരുപോലെ ഒന്നിച്ചുകൂട്ടുവാൻ സാധിക്കുന്നതായ ഒരു സ്ഥാപനമാണ് ആദ്യമായി ഇങ്ങിനെയുള്ള സന്ദർഭത്തിൽ കണ്ടുപിടിക്കുവാൻ ശ്രമിക്കുക. അങ്ങിനെ ഒരു സ്ഥാപനമാണ് സാധാരണ പരിഷ്കൃത ലോകത്തിൽ ഇപ്പോൾ നടപ്പുള്ള ഇൻവെസ്റ്റ്മെൻറ് ട്രസ്റ്റ്. ഈ സ്ഥാപനം ആദ്യം മലബാറിൽ രൂപീകരിച്ച്, മാതൃഭൂമിയുടെ സന്താനങ്ങൾക്കും, ഗുണകാംക്ഷികൾക്കും ഒരുപോലെ, യാതോരു നിർബ്ബന്ധവുമില്ലാതെ, സഹായധനം നിക്ഷേപിക്കത്തക്ക ഒരു സ്ഥാപനം ഉണ്ടാക്കിയതിന്ന്ശേഷം അതിന്റെ ഒരു തുടർച്ചയായി ആവിർഭവിപ്പിക്കേണ്ട സ്ഥാപനമാണ് മലബാർ ഇംപ്രൂവ്മെൻറ് ട്രസ്റ്റ്. ആദ്യത്തെ സ്ഥാപനത്തെ ആശ്രയിച്ചുകൊണ്ടുവേണം രണ്ടാമത്തേതിനെ സ്ഥാപിക്കുവാൻ. അതിനാൽ ഇംപ്രൂവ്മെൻറ് ട്രസ്റ്റിനെ പററി ചിന്തിക്കുവാൻ ആദ്യമായി നാം ഇൻവെസ്റ്റ്മെൻറ് ട്രസ്റ്റിനെപ്പററിയുള്ള പ്ലാൻ തെയ്യാറാക്കണം. ഈ പ്ലാൻ ഏതുവിധമായിരിക്കണം?



ഇന്ത്യൻ സൈന്യനായകൻ ഒരു പട്ടാളപരിശീലനസ്ഥലത്ത് പരിശോധന നടത്തുന്നത്.

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1943 ഡിസെമ്പർ 10-ാംനു, വെള്ളിയാഴ്ച

## കെയിറൊ

ലോകത്തിൽ സമാധാനപരമായി ജീവിക്കേണമെന്നുദ്ദേശിക്കുന്ന മനുഷ്യ സമുദായത്തിൻെറ നേതാക്കന്മാരായ മി. ചർച്ചിൽ, പ്രസിഡണ്ട് റൂസ്‌വെൽട്ടു മി. സ്റ്റാലിൻ, ചിയാങ്ങ് കീ ഷേക്ക് എന്നീ നാലു നേതാക്കന്മാർ അടുത്തൊരവസരത്തിൽ എവിടെയൊവെച്ചു കൂടിക്കാഴ്ചയുണ്ടാകാൻ പോകുന്നുവെന്ന് പറഞ്ഞുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ അവർ നാലാളും ഒത്തുചേർന്ന് കാര്യാലോചനകൾ നടത്തിയെന്ന് കേൾക്കുന്നതിൽപരം അത്ഭുതമായി മറെറന്താണുള്ളത്. അമേരിക്ക, ബ്രിട്ടൺ, ചൈന ഈ മൂന്നു കോയ്മകളുടെ നേതാക്കന്മാർ ആദ്യം ഈജിപ്തിൽ കെയിറോവിൽ വെച്ച് സമ്മേളിച്ചു. അതിന്നുശേഷം അമേരിക്ക, ബ്രിട്ടൻ, റഷ്യ എന്നീ കോയ്മകളുടെ നേതാക്കന്മാർ പേർസ്യയിൽ ടിഹറാനിൽ വെച്ചും കൂടിയാലോചനകൾ നടത്തി. കെയിറോവിൽവെച്ചുണ്ടായ സമ്മേളനത്തിൽ ജാപ്പാൻെറ നേരെ നടത്തേണ്ടുന്ന യുദ്ധനയങ്ങളും, ജാപ്പാനെ പരിപൂർണ്ണമായി തോല്പിക്കേണ്ടുന്ന വഴികളും മാത്രമാണ് ആലോചിച്ചത്. ഇതിൽ മി. സ്റ്റാലിൻ ഹാജരുണ്ടായിരുന്നില്ല. ഇതിന്നു കാരണം റഷ്യയും ജാപ്പാനും തമ്മിൽ ഇപ്പോൾ യുദ്ധം നടക്കുന്നില്ലെന്നുമാത്രമല്ല, അവർ അന്യോന്യം ബന്ധുക്കളുമാണ്. ഈ സ്ഥിതിക്ക് ജാപ്പാനെ നശിപ്പിക്കുവാനുള്ള കാര്യാലോചനകൾ നടത്തുവാൻ കൂടുന്ന സഭയിൽ റഷ്യക്ക് സ്ഥാനമില്ലല്ലൊ. കെയിറൊ സമ്മേളനത്തിൽ മൂന്നു കോയ്മകളുടേയും നേതാക്കന്മാർ ഉണ്ടായിരുന്നുവെന്നുള്ളതിന്ന് പുറമെ, അവരുടെ വിദേശകാര്യമന്ത്രിമാരും സൈന്യസംബന്ധമായ മേലധികാരിമാർ മിക്കവരും ഉണ്ടായിരുന്നു. ഒട്ടും താമസിയാതെ ജാപ്പാൻെറ നേരെയുള്ള പടയെടുപ്പ് ആരംഭിക്കുവാനും, അതിലെക്കായി ഒരു ഐക്യകക്ഷി സൈന്യാധികാരം രൂപീകരിക്കുവാനുമാണ് കെയിറോവിലെ തീർപ്പുകളിൽ പ്രധാന തീർപ്പ്. യൂറോപ്പിൽ നടക്കുന്ന യുദ്ധത്തിന്ന് പ്രാധാന്യം കല്പിച്ചിട്ടുണ്ടെങ്കിലും ഇനി അതിൻെറ അവസാനംവരെക്കും ജാപ്പാൻെറ നേരെയുള്ളാക്രമണം നിർത്തിവെക്കുമെന്ന് തോന്നുന്നില്ല. ഈ ആക്രമണം ഒരു ഭാഗത്തുനിന്നു മാത്രം ആകാൻ വഴിയില്ല. പലേ ഭാഗത്തുനിന്നും ആകാശമാർഗ്ഗമായും, കടൽമാർഗ്ഗമായും, കരമാർഗ്ഗമായും ആക്രമണം നടത്തിയേക്കാമെന്നാണ് പ്രതീക്ഷ. യാതൊരു വ്യവസ്ഥയും നിശ്ചയിക്കാതെ ജാപ്പാൻ ഐക്യകക്ഷികൾക്ക് അശരണനായി കീഴടങ്ങുന്നതുവരെ ജാപ്പാൻെറ നേരെയുള്ള യുദ്ധം നടക്കുകയും ചെയ്യുന്നതാണ്.

---

## ടിഹറാൻ സമ്മേളനം

പേർസ്യയുടെ തലസ്ഥാന നഗരിയായ ടിഹറാനിൽ വെച്ച് മി. ചർച്ചിൽ, പ്രസിഡെണ്ട് റൂസ്‌വെൽട്ട്, മി. സ്റ്റാളിൻ എന്നീ ലോക നേതാക്കന്മാർ ചരിത്രപ്രസിദ്ധമായ കൂടിയാലോചനകൾ നടത്തി ഏററവും ഐക്യഭാവത്തോടുകൂടി പിരിഞ്ഞിരിക്കുന്നു. ഈ സംഭവം ഏററവും ചരിത്രപ്രസിദ്ധമായിട്ടുള്ളതാണെന്ന് സമ്മതിക്കാതെ നിവൃത്തിയില്ല. രാഷ്ട്രീയ സിദ്ധാന്തങ്ങൾകൊണ്ട് എത്രത്തോളം അകലുവാൻ സാധിക്കുമെങ്കിൽ അത്രത്തോളം അകന്നിട്ടുള്ള കോയ്മകൾ തമ്മിലാണ് ടിഹറാനിൽ വെച്ച് ഐക്യത വന്നുചേർന്നതെന്നു കാണുമ്പോൾ യുദ്ധംകൊണ്ടു അവക്കു വന്നിട്ടുള്ള മനോഭാവത്തിൻെറ വ്യത്യാസവും ഭാവിയിൽ ലോകസമാധാത്തിന്നുള്ള സുഗമമാർഗ്ഗങ്ങളും തെളിഞ്ഞുകാണുന്നുണ്ട്. നമ്മുടെ നേതാക്കന്മാർ നാലുദിവസം ഒന്നിച്ചുതാമസിച്ച് ഇന്നെത്തെ കലാപത്തിൽനിന്ന് ലോകത്തിനെ എത്രത്തോളം വേഗത്തിൽ മോചിപ്പിക്കാമെന്നുള്ള കാര്യങ്ങൾ ആലോചിക്കുകയും സമാധാനമായതിന്നു ശേഷം ഭാവിയിൽ ഇത്തരത്തിലുള്ള ആപത്തുകൾ വരാതെ കഴിപ്പാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. ഈ വക യാതൊരു സംഗതികളും അവർ ആലോചിച്ചില്ലെന്നു വരികിൽ കൂടി, ഇവർ മൂന്നാളും ഒന്നിച്ചുചേർന്നു ആത്മാർത്ഥമായ ഒരു മൈത്രി സ്ഥാപിച്ചുകഴിഞ്ഞുവെന്നുള്ള സംഗതിതന്നെ ലോകസമാധാനത്തിന്ന് ഏററവും ശുഭോദർക്കമായ സംഗതിയാണ്. ഈ സംഭവം ശത്രുക്കളുടെ ആശകളെയെല്ലാം തകർത്തുകളകയും ചെയ്തിരിക്കുന്നു. ഇവർ തമ്മിൽ ചേരുകയില്ലെന്നും അവർ ചേരാതിരിക്കുന്ന കാലത്തോളം തൻെറ ദുർവ്യാപാരം തടസ്ഥമില്ലാതെ നടത്താമെന്നുമാണ് ശത്രുവിന്നുണ്ടായിരുന്ന ഒരു വലിയ ആശ. കഴിയുന്നത്ര നുണകൊണ്ടും, മററു പ്രചാരവേലകൊണ്ടും അവരെ തമ്മിൽ തെററിക്കുവാൻ ശത്രു കഴിയുന്നതും ശ്രമിക്കുകയും ചെയ്തു. എന്നാൽ, അടുത്തഭാവിയിൽ ശത്രു രംഗത്തിൽനിന്ന് പിൻമാറുന്നതു കാണ്മാൻ സാധിക്കത്തക്ക നിലയിൽ ടിഹറാനിൽവെച്ച് കാര്യങ്ങളെല്ലാം തീർപ്പായിരിക്കുന്നു.

ടിഹറാൻ സമ്മേളനത്തിൽ നിന്നാവിർഭവിച്ച മറെറാരു സമ്മേളനമായിരുന്നു രണ്ടാമത്തും കെയി

റോവിൽ വെച്ച് മി. ചർച്ചിലും, മി. റൂസ്‌വെൽട്ടും കൂടിനടത്തിയതു്. ഈ സമ്മേളനത്തിൽ തുർക്കിയുടെ പ്രസിഡണ്ടും, തുർക്കിയിലെ മററു് രാഷ്ട്രീയ നേതാക്കന്മാരും പങ്കുകൊണ്ടിരുന്നു. യുദ്ധം തുടങ്ങിയതിന്നുശേഷം ഇതേവരേയും തുർക്കി ഐക്യകക്ഷികാംക്കു് മൈത്രീഭാവത്തോടുകൂടിയാണു് വർത്തിച്ചിരുന്നതെങ്കിലും, താൻ ഇരുകക്ഷിയിലും ഇല്ലെന്നുള്ള നയവും നിലനിർത്തി പോന്നിരുന്നതിനാൽ മൈത്രീഭാവത്തിന്നു് യഥാർത്ഥത്തിൽ അനുഭവമില്ലാതെയാണു് ഇതേവരെയുള്ള യുദ്ധഗതി. കെയിറൊ സമ്മേളനംകൊണ്ടു് ഈ സ്ഥിതി ഭേദപ്പെടുന്ന പക്ഷം വിചാരിച്ചതിലും വേഗത്തിൽ യുദ്ധാവസാനം പ്രതീക്ഷിക്കാം.

---

## നാളെ

“എന്തെ മൂപ്പരെ നിങ്ങടെ തറവാടു് ഈ സ്ഥിതിയിലാവാൻ? പഞ്ചു മേനോൻ ഉള്ള കാലത്തു നിങ്ങടെ സ്ഥിതി വളരെ നന്നായിരുന്നുവെല്ലോ. അക്കാലത്തു ചെലവു കഴിച്ചു കൊല്ലത്തിൽ അഞ്ഞൂറു ഉറുപ്പിക കണ്ടു കെട്ടിവെക്കാറുണ്ടെന്നു പരക്കെ അറിയാവുന്ന സംഗതിയായിരുന്നു.”

“പറയത്തക്ക യാതൊരു സംഭവങ്ങളും ഉണ്ടായിട്ടില്ല. അമ്മാമ നാലു കുട്ടികളെ പഠിപ്പിച്ചു. അവരുടെ പഠിപ്പു കഴിഞ്ഞു് ഓരോ ഉദ്യോഗത്തിലായപ്പോഴേക്കും തറവാട്ടിലേക്കു അയ്യായിരം ഉറുപ്പിക കടമായി. പോരെങ്കിൽ, ഇവർ വക്കീലുദ്യോഗത്തിൽ പ്രവേശിച്ച ഉടനെ വ്യവഹാരം പരീക്ഷിച്ചതു് തറവാട്ടിൻെറ നേരെ ചെലവിന്നു കിട്ടുവാനാണു്. കടങ്ങൾ വീട്ടി വ്യവഹാരം ഒരു വിധം അവസാനിപ്പിച്ചപ്പോഴേക്കും ആമ്പലും വെള്ളവും ഒപ്പമായി.”

“മൊതലു് മുഴുവൻ നശിച്ചാലും തെണ്ടിക്കാൻ പ്രാപ്തിയുള്ള ആണുങ്ങളാരും ഉണ്ടായിരുന്നില്ലെ?”

“ഉദ്യോഗത്തിൽ പോയവർ കഴിഞ്ഞാൽ പിന്നെ രണ്ടാൺ കുട്ടികൾ മാത്രമെ യുണ്ടായിരുന്നുള്ളു. അവർ നന്നെ ബാല്യത്തിൽ തന്നെ കൂലിപ്പണിയാരംഭിച്ചു. യുദ്ധം തുടങ്ങിയപ്പോൾ ആരോടും പറയാതെ പട്ടാളത്തിൽ പോയിചേർന്നു. നാല്പതിലധികം മെമ്പർമാരുള്ള ഞങ്ങടെ തറവാട്ടിലേക്കു് ഇന്നു അവരുടെ ശംപളം മാത്രമെ ഒരാധാരമായിട്ടുള്ളു. അവർ ലോകത്തിൽ എവിടെയോ കിടന്നു യുദ്ധം ചെയ്യുന്നുണ്ടെങ്കിലും ശംപളം മാസം അഞ്ചാം തിയ്യതിയാകുമ്പോഴേക്കും വന്നുചേരുന്നുണ്ടു്. മണിയോർഡർ വരുന്ന ദിവസം തറവാട്ടിലുള്ളവർ കൂട്ടടക്കം കരയുന്നു. സങ്കടം കൊണ്ടല്ലെ; സന്തോഷം കൊണ്ടു്. ഈ സാധുകുഡുംബത്തിന്നു വേണ്ടി രണ്ടു ചെക്കന്മാർ തെണ്ടിക്കുന്നു വെന്നുള്ള ചിന്തയിൽ സുഖവും ദുഃഖവും ഇടകലർന്നിരിക്കുന്നു. പോരെങ്കിൽ ഇടക്കു് ഓരൊ കത്തും അവരുടെ വക്കൽനിന്നു കിട്ടാറുണ്ടു്. തറവാട്ടിലുള്ളവരെ പററി ആബാലവൃദ്ധം അവർ അന്വേഷിക്കുന്നു. പിരിഞ്ഞു പോയി വേറെ താമസിക്കുന്ന ഒരു താവഴിയെ പററിയും അവരുടെ അന്വേഷണം കേമമാണു്. അവർക്കു വേണ്ട സഹായങ്ങൾ ചെയ്യേണമെന്നു എപ്പോഴും എഴുതാറുണ്ടു്. രേഖാമൂലം പിരിഞ്ഞിട്ടുണ്ടെങ്കിലും മനസ്സുകൊണ്ടു് എല്ലാവരും ഒരു കുഡുംബമാണെന്നാണു് ഇവർ കരുതുന്നതു്. എന്തൊരു ബുദ്ധിയാണു് ഈ കുട്ടികളുടേതു്! പഠിപ്പു കൊണ്ടുണ്ടാവാത്ത മനോവികാസം പട്ടാളത്തിൽനിന്നുണ്ടാകുമായിരിക്കാം. അവരുടെ സിദ്ധാന്തമില്ലായ്മ വിചാരിക്കാൻവയ്യ.”

പട്ടാളത്തിൽ ചേർന്നു ലോകസഞ്ചാരം ചെയ്തു് യുദ്ധാനന്തരം മടങ്ങിവരുന്ന യുവാക്കളിലാണു് നാളത്തെ മലബാറിൻെറ ഐശ്വര്യവും, അഭിവൃദ്ധിയും, ഓജസ്സും, തേജസ്സുമെല്ലാം കിടപ്പു്. ഇന്നത്തെ അധഃപതിച്ച സ്ഥിതിയാലോചിച്ചാൽ ഇതെവരെ മലബാറിനെ നന്നാക്കാനാണെന്നു് പറഞ്ഞു ചെയ്തിരുന്ന കർമ്മങ്ങൾ മേലിൽ തുടർന്നുപോകാനാകട്ടെ, നന്നാക്കുന്നവരാണെന്നു് ദുരഭിമാനം നടിച്ചു ഞെളിഞ്ഞിരുന്നവർക്കു മേലിൽ നേതൃത്വഭാവം നടിക്കാനാകട്ടെ യാതോരവകാശവുമില്ല. അനുഭവംകൊണ്ടല്ലെ എന്തിൻെറയും ഗുണദോഷം തീർച്ചയാക്കുക. ഇന്നത്തെ അനുഭവം എന്താണെന്നു നമുക്കെല്ലാം അറിഞ്ഞു കൂടെ? ഇതേവരെ നമ്മുടെ നാട്ടിൻെറ കാര്യത്തിൽ രംഗപ്രവേശം ചെയ്വാനവസരം കിട്ടാത്ത യുവാക്കളിലും, യുദ്ധംകൊണ്ടു വന്നുചേർന്നിട്ടുള്ള അവരുടെ പുതിയ മനസ്ഥിതിയിലുമാണു് മലബാറിൻെറ സർവ്വഗുണകാംക്ഷികളുടേയും ആശ സ്ഥിതിചെയ്യുന്നതു്.

# ഇതെല്ലാം ആരറിഞ്ഞു?

(ഒരു കൃഷിസംഘം മീററിങ്ങിൽ നടന്നതു്)

റവന്യു ഇൻസ്പെക്ടർ (അധികാരിയോടു) : എല്ലാവരും എത്തിയില്ലേ ?

അധികാരി : ഒരുവിധക്കാരൊക്കെ എത്തിയിട്ടുണ്ടു്. അധികം ആളുകളും വല്ല പണം പിരിവോ മററൊ നടന്നേക്കുമോ എന്ന ശങ്കിച്ചിട്ടായിരിക്കാം വരാൻ മടിക്കുന്നതു്. കിണ്ണംമുട്ടി അറിയിച്ചിട്ടുണ്ടു്.

കൃഷി ഡിമോൺസ്ട്രേററർ : ഞങ്ങളുടെ മീററിങ്ങിൽ ആ മാതിരി ഒന്നും ശങ്കിക്കാനേ ഇല്ല.

അധികാരി : (കോൽക്കാരനോടു) നിരത്തിന്മേൽപോയി വല്ലവരും വരുന്നുണ്ടോ എന്ന നോക്കു. എല്ലാവരോടും വേഗം വരാൻ പറയൂ. ഇല്ലെങ്കിൽ ചായപ്പീടികയിലും, സൈക്കൾ ഷാപ്പിലും, ബീഡിഷാപ്പിലും മററുമുള്ള കൂട്ടരോടൊക്കെ അഞ്ചു മിനുട്ടു നേരത്തേക്കു വന്നു പോകാൻ പറയൂ. ഇരുട്ടിന്നുമുമ്പു എല്ലാവർക്കും മടങ്ങാം.

കോൽക്കാരൻ : (നിരത്തുവക്കിൽ പോയി) ദാ മൂപ്പര് ബിളിക്കുന്നു. ഒന്നു ബേഗം ബരീം—ങ്ങക്കു് ബേഗം പൂവാം. ദാ സൂപ്പി—മൊയ്തീ—ബേഗം ബരീ.

സൂപ്പി : ഇന്നായരെക്കൊണ്ടു് തോററു്. ഒരു പണിയെടുക്കാൻ തമ്മേക്കില്ല. എന്താണോ ഞാളീമ്പന്നിററു് ബേണ്ട്യേതു്.

കോൽക്കാരൻ : ങ്ങളെല്ലാരും ഒന്നു ബന്ന്ട്ടു പോയാമതി. പെരുത്തു സെലാമുണ്ടു്. ഞമ്മളെക്കൊണ്ടാവൂല്ല. ബേഗമ്പരീ.

ബാപ്പുട്ടി : മെനഞ്ഞാന്നല്ല്യേ ആളെ ചേർക്കുന്ന മീററിങ്ങിന്നു് ഞാള് ബന്നതു്. അയിൻെറ ഒരാഴ്ച മുമ്പെ ആപ്പിക്കോയൻെറ പ്രസംഗത്തിന്നു ബിളിച്ചു്—പോരെങ്കിൽ ചിമ്മിണി കൊറക്കുന്ന മീററിങ്ങിന്നു ബിളിച്ചു്. ഇതെന്തൊരി ബിളിയാണപ്പാ. ഞാക്കി മീററിങ്ങിന്നു ബന്നു് കുത്തിരിക്കാനേ നേരോള്ളൂ.

കോൽ : ഒന്നു് ബേഗത്തി ക്കീ—ബേഗമ്പരീ—ദാ—എനക്കു് വേണ്ടി. ഏറിയ സെലാം തെരാ—ബേഗമ്പരീ.

(എല്ലാവരും വന്നിരിക്കുന്നു)

റ. ഇൻ. : ഇനി നമുക്കു തുടങ്ങിക്കളയാമെന്നു തോന്നുന്നു.

അധികാരി : ഈ അംശത്തിൽ ഇത്ര അധികം ആളെ ഇന്നു് കിട്ടിയതുതന്നെ ഭാഗ്യം. സാധാരണ ഇത്രയൊന്നും ആളുകൾ വന്നു ചേരാറില്ല.

റ. ഇൻ. : (കൃഷി ഡിമോൺസ്ട്രേററരോടു) എന്നാൽ നാം തുടങ്ങുകയല്ലെ ?

ഡെമോൺ : ഇനി ഒട്ടും താമസിക്കേണ്ട. മഴ തുടങ്ങിയാൽ ഇവരും ഉണ്ടാകയില്ല.

റ. ഇൻ. : എല്ലാവരും അടങ്ങിയിരിക്കുവിൻ !

ഗോവിന്ദ മേനോൻ : ഇന്നത്തെ ഈ യോഗത്തിൽ അദ്ധ്യക്ഷനായിരിപ്പാൻ പാറപ്പുറത്തില്ലത്തു് മദസൂദനൻ നമ്പൂതിരിപ്പാടവർകളെ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

നാരായണ കുറുപ്പു് : ഞാൻ അതിനെ പിന്താങ്ങുന്നു.

(അധികാരി നമ്പൂതിരിയെ അഗ്രാസനസ്ഥാനത്തിരുത്തുന്നു.)

നമ്പൂതിരി : (കസാലയിലിരുന്നു് കുറച്ചുറക്കെ) രാഘവാ, ഇനി നാം എന്താണു് ചെയ്യേണ്ടതെന്നൊക്കെ പറയണം. ഇതിൻ കീഴിൽ ഇമ്മാതിരി ശീലിക്കയുണ്ടായിട്ടില്ല ട്ടോ.

രാഘവൻ നായർ : (സ്വകാര്യത്തിൽ നമ്പൂതിരിയുടെ ചെകിട്ടിൽ) കാര്യപരിപാടിയിലെ ഒന്നാമത്തെ ഇനം അദ്ധ്യക്ഷൻെറ പ്രാരംഭപ്രസംഗമാണു്. ഒന്നെഴുന്നീററുനിന്നു് ഒരു ചെറു പ്രസംഗം ചെയ്യണം.

മ. നമ്പൂ : പ്രസംഗമോ ! ക്ഷ. നമുക്കു വശമില്ലെന്നറിയില്ല്യേ ? എന്തിനെ പററിയാണു്.

രാ. നാ. : റാൻ ! കൃഷിവിഷയത്തെപ്പററിയായിരിക്കണം.

മ. നമ്പൂ. : ക്ഷ. ഇല്ലത്തു് കൃഷിയല്ല, ഓത്താണുള്ളതു്. ഇൻസ്പെക്ടർ പറഞ്ഞാൽ മതി.

(കൃഷി ഡെമോൺസ്ട്രേററർ പ്രസംഗിക്കുന്നു. പ്രസംഗത്തിന്നു ശേഷം—)

അദ്ധ്യക്ഷൻ : സദസ്സിലുള്ളവർക്കു വല്ല സംശയവുമുണ്ടെങ്കിൽ ചോദിച്ചാൽ ഇദ്ദേഹം സംശയനിവൃത്തി വരുത്തുന്നതായിരിക്കും.

ഒന്നാമൻ : പോന വാരത്തിലെ മാതൃഭൂമിയിൽ പാലക്കാടു, വള്ളുവനാടു ഈ താലൂക്കാവിൽ റംബം നെല്ലു് വിളയുന്നതിനാലെ ഇന്ത താലൂക്കാവിൽ അരിശി മറുനാട്ടിലിരുന്തു് വരവേണ്ടിയതില്ലൈയെണ്ടു് കലക്കട്ടർ ധുരൈ ചൊന്നതാകെ പാത്തേൻ. ഇന്ത മീററിങ്ങിൽ ഇന്ത ആൾ നമ്മ ജില്ലാവിൽ അരിശി പോരാതു് എൻറും ശൊല്ലുകിറതു്. ഇതിൽ ഏതു് നമ്പുകിറതു്.

കൃ. ഡെമോ : നിങ്ങൾ വായിച്ചതു് ശരിയാണു്. കലക്ടരുടെ പ്രസ്താവന പാലക്കാടു, വള്ളുവനാടു ഈ രണ്ടു താലൂക്കുകളെപ്പററി മാത്രമാണു്. മലയാള ജില്ലയിലെ ബാക്കിയുള്ള താലൂക്കുകളിൽ മുഴുവനും അതാതു താലൂക്കിലെ ആവശ്യത്തിന്നുള്ള അരി പോരാതെയാണിരിക്കുന്നതു്. അതുകൊണ്ടു് മലയാള ജില്ലയിൽ ആകെ ആവശ്യത്തിന്നു് പോരാതെവന്നിരുന്ന അരി മററു രാജ്യങ്ങളിൽനിന്നു വരുത്തിച്ചിട്ടായിരുന്നു ഇതുവരെ നിവൃത്തിച്ചിരുന്നതു്. എന്നുതന്നെയല്ല ഈ 1942-43 ൽ നമ്മുടെ മദിരാശി സംസ്ഥാനത്തിൽ ഒട്ടാകെ കിട്ടുന്ന വിളവു ആകെ 46 ലക്ഷം ടൺ നെല്ലായിരിക്കുമെന്നാണു് കണക്കാക്കപ്പെട്ടിട്ടുള്ളതു്. രണ്ടു ലക്ഷം ടൺ വിത്തിൻെറ ഉപയോഗത്തിലേക്കു വേണ്ടിവരുന്നതും, കഴിച്ചാൽ ബാക്കി ഉണ്ടാവുന്നതു് 44 ലക്ഷം ടൺ മാത്രമാണു്. സംസ്ഥാനത്തിലെ ഇന്നത്തെ ജനസംഖ്യം സുമാറു അഞ്ചു കോടിയോളമുള്ളതിന്നു ന്യായമായ വിഹിതപ്രകാരം കണക്കു കൂട്ടുന്നതായാൽ 50 ലക്ഷം ടൺ വേണ്ടിവരും. അപ്പോൾ പോരാതെവരുന്ന ആറു ലക്ഷം ടൺ പുറരാജ്യങ്ങളിൽനിന്നു വരുത്തിയോ ഇവിടെത്തന്നെ കൃഷിച്ചെയ്യുണ്ടാക്കിയൊ വേണം നിവൃത്തിക്കാൻ. യുദ്ധത്തിന്നു മുമ്പു് ഈ കുറവിനെ നിവൃത്തിച്ചിരുന്നതു് ബർമ്മ, സയാം, ഇൻഡോചൈന മുതലായ ദിക്കുകളിൽനിന്നു വരുത്തിയിട്ടായിരുന്നു. ഇന്നു് ബർമ്മ മുതലായ രാജ്യങ്ങൾ അന്യാധീനപ്പെട്ടതുകൊണ്ടു് അവിടങ്ങളിൽനിന്നു കിട്ടാൻ കഴിവില്ലാതെയാണിരിക്കുന്നതു്. തീവണ്ടിവേഗൺ മുതലായവയുടെ ക്ഷാമം നിമിത്തവും നെല്ലു് ജാസ്തിയുണ്ടാകുന്ന മററു ജില്ലകളിൽനിന്നു വന്നുചേരാനും വളരെ പ്രയാസമായിരിക്കുന്നു. അതുകൊണ്ടു പോരാതെവരുന്നതിനെ ഇവിടത്തന്നെ കൃഷിച്ചെയ്യുണ്ടാക്കി നികത്തേണ്ടതായി വന്നിരിക്കുന്നു. അതിന്നുള്ള പോംവഴി നാം തന്നെ കാണേണ്ടിയുമിരിക്കുന്നു.

രണ്ടാമൻ : ബാക്കിയുള്ള പണിക്കുതന്നെ കൂലിക്കാരെ കിട്ടാത്ത ഇക്കാലത്തു് എനിയും കൊറെ കൃസിക്കൂടി ചെയ്യണം എന്നുബെച്ചാല് ഞമ്മളെ പാണ്ട്യാലേലെ പണിയുംകൂടി ബാക്കിയാവലെ ഉണ്ടാവൂ എന്നു തന്ന്യേല്ല ഒന്നോരണ്ടോ ജാസ്തികൊടുത്തു് അരി ബാങ്ങാല്ലാണ്ടു് അതു് പുയിങ്ങാനും, അതു് ഉണക്കാനും, അതു് കുത്താനും മെനക്കെടേണ്ട്യാവസ്യന്താ ? മാണെങ്കില് അയ്യോരല് ചെന്നു് മയക്കില്ലെന്നു് തോന്ന്ന്ന്. അതൊന്നു് ഞമ്മളെ ഏയിത്ത്കാരൻ മേനോന്നു് മാങ്ങിക്കൊടുക്കാം. അരി ചെനമ്പു് ജാസ്തി കിട്ടുന്നും. തവിട്ടു തടിക്കു നല്ല കൊണം ചെയ്യുന്നാല്ലെ ഇസ്പെട്ടർ പറയുന്നു്. ആയാളെയും മക്കളെയും തടീൻെറ മൊഞ്ചു് കണ്ടേൻെറ സംബാണെങ്കില് ഞമ്മളെ പൊരേലും ഒന്നു ബാങ്ങാം. (ഡെമോൺസ്ട്രേറ്റരോടു) അയിനെന്താണോ ബെല ?

കൃ. ഡെ. : ഏഴുറുപ്പികയാവും.

മൂന്നാമൻ : ഞമ്മളെ നാട്ടിനുള്ളിൽ ഇനിയും കൃഷിയാക്കാൻ ഏടുത്യാപ്പാ ദേശം ?

കൃ. ഡെ. : സാമാധാനകാലങ്ങളിൽ നമ്മുടെ ആവശ്യത്തിന്നു വേണ്ടിവന്നിരുന്ന അരി നമ്മുടെ രാജ്യത്തു് ഉണ്ടായിരുന്നില്ലെന്നുള്ളതു് യഥേഷ്ടം മററു രാജ്യങ്ങളിൽനിന്നു് ബുദ്ധിമുട്ടുകൂടാതെ എത്തിച്ചേർന്നതുകൊണ്ടു ആരും അറിഞ്ഞിരുന്നില്ല. യുദ്ധം തുടങ്ങിയതിന്നു ശേഷമാണു് കള്ളി പുറത്തായതു്. എവിടെ നോക്കിയാലും അരി കിട്ടാത്ത കുഴപ്പം, പഞ്ചസാര കിട്ടുന്നില്ല, മണ്ണെണ്ണയില്ല എന്ന ആവലാതിയെ കേൾക്കാനുള്ളൂ. ഇതിന്നു വേറെ ആരേയും കുററം പറഞ്ഞിട്ടു പ്രയോജനമില്ല. ഇതിന്നുള്ള വഴി നാംതന്നെ കണ്ടുപിടിച്ചു് വേണ്ടപ്പെട്ടതു അടിയന്തരമായി ഉണർന്നു് പ്രവൃത്തിക്കണം. യുദ്ധം കഴിഞ്ഞാൽ ഇതിന്നെല്ലാം ഒരു പരിഹാരം ഉണ്ടാവുമെന്നും വിചാരിച്ചിരിക്കുന്നതു് ശരിയല്ല. അതുകൊണ്ടു് ഈ യുദ്ധം ഒരനുഗ്രഹമായിട്ടാണു് കരുതുന്നതു്. നമ്മുടെ നാട്ടിലേക്കാവശ്യമായ ഭക്ഷണസാധനങ്ങൾക്കു നാം എന്നും അന്യരാജ്യങ്ങളെ ആശ്രയിച്ചുനില്ക്കുകയെന്നതു നമുക്കു ഒട്ടും അഭിമാനകരമായിട്ടുള്ളതല്ല. നമ്മുടെ രാജ്യമാകട്ടെ 100 നു 72 കണ്ടും കൃഷിയെ ആശ്രയിച്ചു കഴിയുന്നവരാണു്. നേരെമറിച്ചു് അമേരിക്കയിൽ കൃഷിയെ ആശ്രയിച്ചു കഴിയുന്നവർ 25 ശതമാനവും ഇംഗ്ലണ്ടിൽ 10 ശതമാനവും മാത്രമാണു്. യുദ്ധം തുടങ്ങിയ ഈ ചുരുങ്ങിയ നാലു കൊല്ലങ്ങൾകൊണ്ടു അവർക്കു അന്യാശ്രയം കൂടാതെ നിവൃത്തിക്കുവാൻ കഴിഞ്ഞിരിക്കുന്നുവെന്നറിയുമ്പോൾ നമുക്കു എന്തുകൊണ്ടു സാധിക്കയില്ല എന്നാണു് ഞാൻ നിങ്ങളോടു ചോദിക്കുന്നതു്. മററു രാജ്യങ്ങളെക്കാൾ ഇന്ത്യക്കാണു് ഇതു സുസാദ്ധ്യമെന്നു്

വേറെയും സംഗതികളെക്കൊണ്ടും ഞാൻ തെളിയിക്കാം. ഇന്ത്യക്കാരായ നാം 90 ശതമാനവും ഗ്രാമനിവാസികളാണെന്നും മൂന്നര കോടി കൃഷിക്കാരായ കുഡുംബക്കാർ ഏഴ ലക്ഷം ഗ്രാമങ്ങളിലായി വ്യാപിച്ചിരിക്കെ എന്തുകൊണ്ടു് നമ്മെത്തന്നെ ആശ്രയിച്ചു കഴിഞ്ഞുകൂടാ എന്നും വീണ്ടും ഞാൻ നിങ്ങളോടു ചോദിച്ചുകൊള്ളുന്നു. ഇന്ത്യ എന്നെന്നും കൃഷിയെ ആശ്രയിച്ചു കഴിയേണ്ട ഒരു രാജ്യമാണെന്നുള്ളതു് തർക്കമററ സംഗതിയുമാണ്.

മൂന്നാമൻ: ഇത് ഞങ്ങളറിഞ്ഞോ. ഇമ്പത്താനം ഇതുവരെ ആരും പറഞ്ഞതായി കേട്ടതുമില്ല.

കൃ. ഡെ.: എന്നാൽ ഇതിന്നു പ്രധാനമായി രണ്ടു വഴികളാണുള്ളതു. ഒന്നാമതു, കൃഷി ചെയ്യുവാൻ തരപ്പെട്ട എത്രയോ അധികം സ്ഥലങ്ങൾ തരിശായി കിടക്കുന്നുണ്ട്. അവയെ കൃഷിചെയ്തു കൃഷിസ്ഥലങ്ങൾ വദ്ധിപ്പിക്കുക. രണ്ടാമതായി, ഇപ്പോൾ കിട്ടിവരുന്ന വിളവിന്നു കൂടുതൽ മേനി കിട്ടത്തക്കവണ്ണം കൂട്ടുകലപ്പില്ലാത്ത ജിനുസ് വിത്തുകൾ ധാരാളമായി ഉപയോഗിച്ചും തോല് വളം ധാരാളം ചേത്തും കൊഴിഞ്ഞിൽ, ഡെയിഞ്ച, ചണ മുതലായ പച്ചിലവളച്ചെടികൾ കൃഷിചെയ്തു് കണ്ടങ്ങളിൽ പൂട്ടിച്ചേത്തു് തൊഴുത്തിലും വളക്കുഴികളിലും ധാരാളം ഇലകൾ ചേത്തും വളക്കുഴികളിലുള്ള വളങ്ങൾ മഴയും വെയിലും തട്ടാതെ അവയിലടങ്ങീട്ടുള്ള സത്തിനെ പുറത്തു പോയ്പ്പോകാതെ പുരകെട്ടി സൂക്ഷിച്ചും നല്ലവണ്ണം രക്ഷകൊടുത്തു പോററി വളത്തിയ കന്നുകാലികളെക്കൊണ്ടു് നല്ല കൃഷി ആയുധങ്ങൾ ഉപയോഗിച്ചു് വേണ്ടുംവണ്ണം മണ്ണിന്നു ഉഴവു വരുത്തിയും നമ്മുടെ നാട്ടിൽത്തന്നെ ഉണ്ടാക്കിവരുന്ന പിണ്ണാക്ക് വളം, എല്ല്പൊടി, മത്സ്യവളം ഇവയും ധാരാളമായി കൃഷികൾക്കു ഉപയോഗിക്കുന്നതായാൽ വിളവിനെ എളുപ്പത്തിൽ പുഷ്ടിപ്പെടുത്താൻ സാധിക്കുന്നതാണ്. നെല്ല് ജാസ്തി കൃഷിചെയ്തുവരുന്ന ജാപ്പാൻ രാജ്യത്തു ഒരു ഏക്കറിൽനിന്നും ശരാശരി 2,276 റാത്തലും ഇററലിയിൽ 2,903 റാത്തലും സ്പെയിനിൽ 3,109 റാത്തലും ബമ്മയിൽ 940 റാത്തലും ഇന്ത്യാരാജ്യത്തു 690 റാത്തലുമാണെന്നറിയുമ്പോൾ നമ്മുടെ കൃഷിസമ്പ്രദായം എത്രകണ്ടു അധഃപതിച്ച നിലയിലാണെന്നു നമുക്കുതന്നെ ഊഹിക്കാവുന്നതാണ്. പട്ടാമ്പി സക്കാർ കൃഷി തോട്ടത്തിൽ പരിഷ്കരിച്ച സമ്പ്രദായത്തിൽ കൃഷി ചെയ്തതിന്റെ ഫലമായി ഒരേക്ര സ്ഥലത്തുനിന്നു 3,000 റാത്തലിലധികം വിളവു കിട്ടുന്നുണ്ടെന്നറിയുമ്പോൾ നമ്മുടെ രാജ്യത്തു വേണ്ടതുപോലെ കൃഷി ചെയ്യുന്നതായാൽ മററു രാജ്യങ്ങളിലെ മാതിരി വിളവു വദ്ധിപ്പിക്കുവാൻ സാധിക്കുമെന്നതിന്നു സംശയമേ ഇല്ല.

നാലാമൻ: ഇതെല്ലാം പറയാനെളുപ്പം—ഇതിനെല്ലാം പയിശ ഏടെയുണ്ട്. ആരെങ്കിലും തരേങ്കില് തടികൊണ്ടു് കച്ചുന്നതു് നയിച്ചു് നോക്കേണം.

കൃ. ഡെ.: കൃഷി ആവശ്യാത്ഥം വിത്തു, വളം, കൃഷിആയുധങ്ങൾ, കന്നുകാലകൾ ഇവയെ വാങ്ങാനും കിണറുകൾ കുഴിക്കാൻ, തൊഴുത്തുണ്ടാക്കാൻ മുതലായവക്കും കൃഷിക്കാരെ സഹായിപ്പാനായി പലതരത്തിലുള്ള കടങ്ങളും ഗവമ്മേണ്ടിൽനിന്നു നൽകുന്നുണ്ട്. സാധു കൃഷിക്കാക്കാണെങ്കിൽ ചുരുങ്ങിയ പലിശക്കു ആൾജാമ്യത്തിലും 50 ക. വരെയുള്ള കടം റവന്യൂ ഇൻസ്പെക്ടറിൽനിന്നും ജില്ലാ കൃഷി ഉദ്യോഗസ്ഥനിൽനിന്നും കിട്ടുന്നതാണ്. കൂടാതെ പരസ്പരസഹായസംഘങ്ങൾ സ്ഥാപിച്ചു കൃഷി ആവശ്യങ്ങൾക്കു വേണ്ടിവരുന്ന സഹായങ്ങൾ ആ വഴിയും നിവൃത്തിക്കാം.

മൂന്നാമൻ: ഇതെല്ലാം ആരറിഞ്ഞു ഇമ്പത്താനം ഇതേവരെ ആരും പറഞ്ഞതായി കേട്ടില്ലല്ലോ. ഞമ്മങ്ങൾക്ക് നെലവും മററും ഇല്ല. നെല്ലല്ലാണ്ട് വേറെ ബല്ല ബയ്യുണ്ടോ.

കൃ. ഡി: നെല്ലിന്നപ്പുറമെ എളുപ്പത്തിൽ ഉണ്ടാക്കാൻ കഴിയുന്ന വേറെയും അനവധി കൃഷികൾ ഉണ്ട്. ചുരുങ്ങിയ കാലത്തിന്നുള്ളിൽ കൃഷിചെയ്യെടുക്കാവുന്ന കൊള്ളികിഴങ്ങ്, മരക്കിഴങ്ങ്, ശക്കരവള്ളിക്കിഴങ്ങ്, വാഴ, കമ്പൂസ മുതലായവയും പ്രധാനമായി പച്ചക്കറി സാധനങ്ങളും ധാരാളമായി കൃഷിചെയ്തുണ്ടാക്കുന്നതായാൽ ഇപ്പോൾ ഉള്ള ഭക്ഷണക്കുഴപ്പത്തിന്നു നിശ്ചയമായും അല്പം സമാധാനം നേടാൻ കഴിയുന്നതാണ്.

അഞ്ചാമൻ: (രാമനാഥനോട്) എടേ, രാമനാഥാ ശൊന്നത് റൊമ്പം വാസ്തവംതാൻ. ഇന്ത കാലത്തിലെ കടയിലെ കാസ്തൂറികൾ വാറതെ ഇല്ലെ. ഇരുന്താൽ അതുക്കൊ അസാദ്ധ്യവിലയും. ഇന്ത അശട്ടുക്കളോടു ശോദിക്കയുംവേണ്ടാ. അരിശിയും കൊഞ്ചം കൊറക്കലാം. മഠത്തിലെ വളപ്പിൽ റൊമ്പം ഇടവും ഇരിക്ക്. എന്നാ നാമും കൊഞ്ചം പച്ചക്കറി പോട്ട് പാക്കപ്പോം. നാം നട്ടുവളത്ത കായ്ക്ക് അരിശിയും ഒന്ന് വേറെതാൻ, അപ്പിടി അല്ലവാ.

രാമനാഥയ്യർ: അത്ക്ക് എന്ന സന്ദേഹം. ഇത്ക്ക് വിതൈ എങ്കെ കിടക്കും. എതു വേണ്ടാമാ, യാര്ക്കിട്ട ഇത്ക്കെല്ലാം കേക്കറത്.

അഞ്ചാമൻ: ഡിമോൺസ്ട്രേട്ടർക്കിട്ടെ കേട്ടാൽ എല്ലാം തെരിയുമെ.

കൃ. ഡി: സാധു കൃഷിക്കാക്ക് പുതുതായ സ്ഥലങ്ങളിൽ കൃഷിചെയ്യുന്നതായാൽ പച്ചക്കറിയും മററു വിത്തുകളും എന്നല്ല പിണ്ണാക്ക്, വളം മുതലായവയും ചുരുങ്ങിയ വിലക്കുള്ളതു് സൌജന്യമായി കൃഷി ഡിപ്പാർട്ട്മെണ്ടിൽ നിന്നു കൊടുത്തുവരുന്നുണ്ട്.

മൂന്നാമൻ: ഇതെല്ലാം ആരറിഞ്ഞു.

ആറാമൻ: ഇതിനെല്ലാം വെള്ളം വേണ്ട്യപ്പ— അതിനേടെപ്പോകും.

കൃ. ഡി: നമ്മുടെ മലയാള ജില്ലയിലെ എല്ലാകൃഷിയും മഴയെ ആശ്രയിച്ചാണിരിക്കുന്നതു്. കൊല്ലത്തിൽ 120 ഇഞ്ച് മഴ കിട്ടിവരുന്ന നമ്മുടെ നാടും കൊല്ലത്തിൽ 25 ഇഞ്ച് കൂടി കിട്ടാത്തതായ നമ്മുടെ അയൽ ജില്ലകളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ അവിടങ്ങളിൽ കൊല്ലത്തിൽ 12 മാസവും കൃഷിചെയ്യാനുള്ള സൌകയ്യമുണ്ട്. ഇവിടെയാണെങ്കിൽ മഴക്കാലത്തു കൃഷിചെയ്യാനുള്ള സൌകയ്യങ്ങൾ മാത്രമെ കണ്ടു വരുന്നുള്ളു. ഇതിന്നുള്ള കാരണം അവിടങ്ങളിൽ മഴ കുറവായതിനാൽ വെള്ളം നനവിന്നുള്ള പദ്ധതികൾ ഗവമ്മേണ്ടിൽനിന്ന് ചെയ്തുകൊടുത്തിട്ടുണ്ട്. നമ്മുടെ രാജ്യത്താണെങ്കിൽ നേരെമറിച്ചു മഴ ജാസ്തിയായി കിട്ടിവരുന്നുണ്ടെന്ന കുററം നിമിത്തം ആ വക പദ്ധതികൾ യാതൊന്നും തന്നെ ചെയ്തു കാണാനല്ല. എന്നാൽ വാസ്തവത്തിൽ നമുക്കു കിട്ടിവരുന്ന മഴ ഏതാനും കൊല്ലങ്ങളിൽ വളരെ ജാസ്തിയാകകൊണ്ടും ബാക്കികൊല്ലങ്ങളിൽ തീരെ കിട്ടാതെപോകുന്നതുകൊണ്ടും മഴകൊണ്ടുള്ള ഗുണം മുഴുവനും ഒരുകാലത്തും നമ്മുടെ കൃഷിക്കാക്ക് സിദ്ധിക്കുന്നില്ല. നമ്മുടെ മഴയിൽ 80 ശതമാനവും കൃഷിക്കു ഉപയോഗിക്കാൻ സാധിക്കാത്ത നിലയിൽ വെറുതെ പോയ്പോകയാണ് ചെയ്യുന്നതു്. ആയതുകൊണ്ടു വെള്ളം സൌകയ്യത്തിൽ ഉപയോഗിക്കാൻ കഴിയുന്നേടത്തു നാമും വല്ല നനവിനുള്ള ചില്ലറ പദ്ധതികൾ എങ്കിലും ഗവമ്മേണ്ടിനെക്കൊണ്ട് നിർബ്ബന്ധിച്ചു് ചെയ്യിക്കാൻ ശ്രമിക്കേണ്ടുന്ന കാലം വൈകിത്തുടങ്ങിയിരിക്കുന്നു. കരയുന്ന കുട്ടിക്കല്ലെ എപ്പോഴും പാൽ കിട്ടിവരാറുള്ളതു്. കൃഷിക്കാരുടെയും ജന്മിമാരുടേയും മററും സംഘങ്ങൾ സ്ഥാപിച്ചു നിവേദനങ്ങൾ വഴിയായും ഗവമ്മേണ്ടിനെ ധരിപ്പിച്ചു് വേണ്ടതുചെയ്തുകിട്ടാൻ എല്ലാവരും ഒത്തൊരുമിച്ചു പ്രയത്നിക്കാൻ ഇനി ഒട്ടും വൈകിക്കൂടാ. ഇതിന്നുള്ള ഉചിതമായ സന്ദർഭവും ഇപ്പോഴാണ്. ഭക്ഷണോല്പന്നങ്ങൾ വദ്ധിപ്പിക്കുവാനുള്ള ഏക വഴി ഇതാണ്. ഈവക സൌകര്യങ്ങൾ വദ്ധിപ്പിച്ചു കിട്ടിയാൽ ഇപ്പോൾ എടുത്തുവരുന്ന ഒരുവിള സ്ഥലങ്ങളിൽ അധികംസ്ഥലത്തും ഇരുവിളയും ഇരുവിളവുള്ളേടത്തു മൂന്നുവിളയും എടുക്കാൻ സാധിപ്പിക്കാവുന്നതാണ്. കൂടാതെ വേനൽകാലങ്ങളിൽ പച്ചക്കറികൾ ജാസ്തി നട്ടുവളത്തുന്നതിന്നും സഹായകരമായിത്തീരും. ഏത്തക്കൊട്ടയുടെ പ്രചാരം ഇല്ലാത്ത സ്ഥലങ്ങളിൽ അവയേയും ജാസ്തി പ്രചാരത്തിൽ വരുത്തി ചില്ലറ കൃഷിയേയും വദ്ധിപ്പിക്കാവുന്നതാണല്ലോ.

ഏഴാമൻ: വളരെ ജാസ്തി വിളവും വദ്ധിപ്പിച്ചു ഉല്പന്നങ്ങൾ ധാരാളമായി മാക്കററുകളിൽ വരാൻതുടങ്ങിയാൽ ഇതിനെല്ലാം വില കുറഞ്ഞുപോകാൻ ഇടയില്ലേ.

കൃ. ഡി: ഭക്ഷണസാധനങ്ങളെ പററിയേടത്തോളം ആവക ശങ്കകൾക്ക് തീരെ അവകാശമില്ല. എന്തെന്നാൽ ഇന്ന് നാമുണ്ടാക്കിവരുന്ന ഭക്ഷണസാധനങ്ങൾ നമ്മുടെ ആവശ്യത്തിന്നുമാത്രമല്ല നമ്മുടെ മാതിരി പോരാതെ കഷ്ടപ്പെട്ടുവരുന്ന അയൽരാജ്യങ്ങളായ, കൊച്ചി, തിരുവിതാംകൂർ, മൈസൂർ, സിലോൺ മുതലായ രാജ്യങ്ങൾക്കും എന്നുമാത്രമല്ല യുദ്ധത്തിൽ പലേടത്തുമായി ഏപ്പെട്ടിട്ടുള്ള നമ്മുടെ സൈന്യങ്ങൾക്കും സാധനങ്ങൾ എപ്പോഴും അത്യാവശ്യമായിട്ടുള്ളതാണ്. ഭക്ഷണസാധനങ്ങളെ സംബന്ധിച്ചേടത്തോളം എല്ലാരാജ്യങ്ങളും നിങ്ങളെത്തന്നെയാണ് പ്രതീക്ഷിച്ചിരിക്കുന്നതു്. കൂടാതെ യുദ്ധംഅവസാനിച്ചാലും ശരി, ബമ്മ തിരികെ വീണ്ടെടുത്താലും ശരി, അതിന്നു രണ്ടു പക്ഷവുമില്ല. ഭക്ഷണസാധനങ്ങൾക്കു പുറരാജ്യങ്ങളിൽനിന്നു മേലിലും ആവശ്യം ഉണ്ടാകാതിരിക്കയില്ലെന്നതിന്നും യാതൊരു സംശയവുമില്ല. ഇതിന്നും പുറമെ ഭക്ഷണസാധനങ്ങൾ എത്ര ജാസ്തിതന്നെയുണ്ടാക്കിയാലും ശരി, ഇവയെ അങ്ങാടി നിരക്കിന്ന് ഗവമ്മേണ്ടിൽനിന്നുതന്നെ വാങ്ങാനും ഒരുക്കമാണ്.

മൂന്നാമൻ: ഇതെല്ലാം ആരറിഞ്ഞു. എത്ര മീററിങ്ങിന്നു ഇതിന്നുമുമ്പ നമ്മൾ വന്നുപോയി. ഇതെല്ലാം ഇപ്പഴല്ലെ അറിയുന്നതു്.

അദ്ധ്യക്ഷൻ: രാഘവാ, നേരം പോയതു അറിഞ്ഞതേയില്ല. എന്തൊക്കെ കാൎയ്യം ഗ്രഹിച്ചു.

രാഘവൻ നായർ: ഇനി അവിടുത്തെ ഒടുവിലത്തെ ഒരു പ്രസംഗമാണ് വേണ്ടതു്.

(ശേഷം 10-ാം പേജിൽ)

## കഥാപംക്തി

# കൊടുങ്കാററ്

### ശാരദ

(പകപ്പവകാശം ഗ്രന്ഥകത്താവിന്നു മാത്രം)

(തുടച്ച)

മാധവൻ കോഴിക്കോട്ട് വന്ന് പ്രാക്ടീസു് തുടങ്ങിയ മുതല്ക്കു രാധയുടെ ഭത്താവാരാണെന്ന് കണ്ടുപിടിക്കുവാനുള്ള ശ്രമമായിരുന്നു. അവളുടെ സ്വദേശം കണ്ടഗ്ഗാങ്കടവാണെന്ന് മനസ്സിലായതിനാൽ അമ്മാമന്ന് ഒരു കത്തെഴുതി നോക്കി. മറുവടിവന്നതിൽനിന്നു അവളുടെ ഭത്താവിനെപ്പററി യാതൊരു വിവരവും ആയാൾക്കില്ലെന്നും, ഭത്താവിൻെറ പേർ ഡോക്ടർ കൃഷ്ണമേനോൻ എന്നായിരുന്നുവെന്നും മാത്രം അറിവായി. ഡോക്ടർ കൃഷ്ണമേനോൻ തൃശ്ശൂരിലായിരുന്നു വിവാഹസമയത്തു് പ്രാക്ടീസു ചെയ്തിരുന്നതെന്നും അറിവായി. തൃശ്ശൂരിൽ പോയി അന്വേഷിച്ചപ്പോൾ ആയാളെ പററി യാതൊരു വിവരവുമില്ല; ആയാളുടെ സ്വദേശം എവിടെയാണെന്ന് രാധയുടെ അമ്മാമന്ന് വിവരവുമില്ല. ഈ സ്ഥിതിക്കു രാധയുടെ ഭത്താവിനെപ്പററിയന്വേഷിച്ച് യാതൊരു ഫലവുമില്ലെന്നു മാധവൻ തീച്ച്യാക്കി.

രാധയുടെ അമ്മാമൻെറ വക്കൽനിന്ന് ഈ എഴുത്ത് കിട്ടിയന്നു തന്നെ മാധവന്ന് വേറെയും പലേ കത്തുകളും ഉണ്ടായിരുന്നു. അവയിൽ ചിലതെല്ലാം മാലതിയുമായിട്ടുള്ള മാധവൻെറ വിവാഹത്തെ സംബന്ധിച്ച് മാധവന്നുള്ള അഭിനന്ദനങ്ങളായിരുന്നു. ഈ കത്തുകൾ വായിച്ചിരിക്കുമ്പോൾ ഗോവിന്ദക്കുറുപ്പിൻെറ ഭൃത്യൻവന്ന് മറെറാരു കത്തു മാധവന്നു കൊടുത്തു. ഈ കത്തു മാലതിയുടെതാണെന്നറിഞ്ഞപ്പോഴേക്കും മാധവന്ന് പരിഭ്രമമായി. കുമാരൻ വെളിവാക്കിയ സംഭവങ്ങളെക്കുറിച്ച് മാലതിക്കു തന്നോടു പരിഭവമായിട്ടുണ്ടോ എന്നായിരുന്നു മാധവൻെറ പേടി. എന്നാൽ കത്ത് പൊളിച്ച് വായിച്ചപ്പോൾ തൻെറ വിചാരങ്ങൾ അസ്ഥാനത്താണെന്നു മാധവന്ന് മനസ്സിലായി. "മാധവൻ എന്താണ് ഇത്ര ദേഷ്യഭാവത്തോടു കൂടി പോയതു? കുമാരൻ വല്ല വിഡ്ഢിത്തവും പറഞ്ഞിട്ടുണ്ടെങ്കിൽ അതു ഞങ്ങൾക്കു ബാധകമാണോ? മാധവൻ വേഗം ഇങ്ങോട്ടു വരണം. ഞാൻ കാത്തിരിക്കുന്നു." എന്നായിരുന്നു മാലതിയുടെ കത്ത്.

ഈ കത്തു വായിച്ച് മാലതിയുടെ നിഷ്കപടമായ പ്രേമത്തെ പററി ചിന്തിച്ചിരിക്കുമ്പോൾ തപ്പാൽ ശിപായിവന്ന് മറെറാരു കത്തു കൊടുത്തു. അതു് സ്കൂൾ ഹെഡ് മിസ്ട്രസ്സിൻെറതായിരുന്നു. സ്കൂൾ പൂട്ടിയകാലത്തു അവിടെത്തന്നെ താമസിക്കുന്ന കാര്യത്തിൽ രാധക്കു അത്യധികം വ്യസനമുണ്ടെന്നും, അതിനാൽ അവളെ സംബന്ധിച്ചു യാതൊരു ചുമതലകളും ഏല്ക്കുവാൻ സാധിക്കയില്ലെന്നും, ശനിയാഴ്ച അവളെ വീട്ടിലേക്കു പറഞ്ഞയക്കുന്നുവെന്നുമായിരുന്നു ഹെഡ്ഡ് മിസ്ട്രസ്സിൻെറ എഴുത്ത്. രാധയുടെ വരവ് ശനിയാഴ്ച; മാധവൻെറ വിവാഹം നിശ്ചയിച്ചിരിക്കുന്നതു് ഞായറാഴ്ച; ഇങ്ങിനെയൊരു പ്രോഗ്രാം മാധവനെ അത്യധികം കുഴക്കി.

ഈ കുഴപ്പം വേഗം തീത്തുകളയാമെന്നു കരുതി മാധവൻ ഗോവിന്ദക്കുറുപ്പിൻെറ വീട്ടിലേക്കു പുറപ്പെട്ടു. കുറുപ്പിൻെറ വീട്ടിന്നുള്ളിലേക്കു കയറിയതും, മാലതി പുറത്തളത്തിൽതന്നെ കാത്തിരിക്കുന്നു. മാധവനെ കണ്ടപ്പോൾ മാലതിക്കുണ്ടായ സന്തോഷത്തിന്നളവില്ല. ഇനി കുറെ നേരത്തിന്നു മാധവനെ വിടുന്നതല്ലെന്ന് മാലതി മനസ്സുകൊണ്ടുറച്ചിരുന്നുവെങ്കിലും മാധവനാകട്ടെ:

"അച്ഛൻ എവിടെയാണ്?" എന്നൊരു ചോദ്യമാണ് ചോദിച്ചതു്. എത്രയൊ ഉത്സാഹത്തോടു കൂടി കാംക്ഷിച്ചിരുന്ന ഈ സന്ദർഭത്തിൽ ഇങ്ങിനെയൊരു ചോദ്യം മാത്രം മാധവനിൽനിന്നു പുറപ്പെട്ടതു് മാലതിക്കു സഹിപ്പാൻ വയ്യാത്ത മനസ്താപത്തിന്നിടയാക്കി. പക്ഷെ, അതെല്ലാം ഒതുക്കി, മാധവന്നു മനസ്സുകൊണ്ടു ഒരു മാപ്പു കൊടുത്തു പിന്നെയും മാലതി തുടർന്നു.

മാലതി: എന്താണ് ഇത്ര ബദ്ധപ്പാട്? അച്ഛൻ വേഗം താഴത്തേക്കുവരും. മുകളിൽ ഇരുന്നു ചായ കഴിക്കയാണ്.

അച്ഛൻെറ വരവിനെ കാത്തിട്ടെങ്കിലും മാധവൻ അല്പനേരം അവിടെയിരിക്കുമെന്നായിരുന്നു മാലതിയുടെ വിചാരം. നേരെമറിച്ചു:

മാധവൻ: ഞാൻ മുകളിലോട്ടു പോയ്ക്കളയാം. അച്ഛനെ കണ്ടു അടിയന്തരമായ ചില സംഗതികൾ സംസാരിപ്പാനുണ്ട്.

അടിയന്തരമൊ! ഏതു കാര്യവും അടിയന്തരത്തിന്നധീനമാണൊ! സവ്വ ചരാചരങ്ങളുടെ രക്ഷാകത്തൃത്വം വഹിച്ച സാക്ഷാൽ ശ്രീകൃഷ്ണഭഗവാൻ വൃന്ദാവനസുന്ദരികളുടെ പിന്നാലെ നടന്ന സമയം അടിയന്തരമെവിടെയായിരുന്നു! എത്ര അടിയന്തരലോകവും പ്രേമത്തിൻെറ പിന്നാലെ തെണ്ടിനടക്കുന്നു; മാലതിയുടെ പ്രേമമാകട്ടെ മാധവൻെറ പിന്നാലെയും തെണ്ടുന്നു.

മാധവൻ മുകളിലേക്കു ചെന്നു കുറുപ്പിൻെറ മുറിയിൽ കടന്നപ്പോൾ അദ്ദേഹത്തിന്നു നല്ല ഉറക്കമാണ്. ചായകഴിഞ്ഞ് കസേലയിൽ തന്നെ കിടക്കുന്നു. വത്തമാനക്കടലാസ്സ് നീത്തി മാറത്തും കിടപ്പുണ്ട്. മാധവൻ മുറിയിൽ കടന്ന് ഒന്നു കുരച്ചു. കുറുപ്പു പെട്ടെന്ന് ഉണർന്നു.

കുറുപ്പ്: അയ്യൊ; എന്തൊരു കഷ്ടമാണ്! പട്ടാളത്തിൽ ചേന്നിട്ടുള്ള ആളുകൾ എത്രയാണു മരിച്ചിരിക്കുന്നതു്! മരിച്ചവരുടെ ലിസ്റ്റ് ഇന്നത്തെ കടലാസ്സിലുണ്ട്.

മാധവന്ന് ഈ വത്തമാനത്തിൽ അത്ര ശ്രദ്ധയുണ്ടായിരുന്നില്ല. നേരെമറിച്ച് കാര്യം വേഗത്തിൽ പറഞ്ഞു കലാശിപ്പിച്ചുകളയാമെന്നു തീച്ച്യാക്കി.

മാധവൻ: എൻെറ വിവാഹദിവസം ഒന്ന് മാററണം. വരുന്ന ഞായറാഴ്ച എനിക്കിടയില്ല. പിറെറത്തെ ഞായറാഴ്ചയാകാം. എനിക്കു അടിയന്തരമായി ചില കാര്യങ്ങൾ അതിന്നുള്ളിൽ നടത്തുവാനുണ്ട്.

കുറുപ്പ്: എന്തു്; സ്വയംവരം നിത്തിവെക്കുകയൊ? സ്വയംവരത്തിന്നുള്ള ക്ഷണക്കത്തുകളും കൂടിയെല്ലാം അയച്ചു കഴിഞ്ഞുവെല്ലൊ.

മാധവൻ: അതുകൊണ്ടെന്താണ്? നിത്തിവെച്ചിരിക്കുന്നുവെന്നു രണ്ടാമതു ഒരറിയിപ്പു കൊടുത്താൽ മതി.

കുറുപ്പ്: മാധവാ, ഇതെന്താണു കഥ! വിവാഹവും മററും കോടതിയിലെ കേസ്സു പോലെയാണൊ? കക്ഷികളുടെ സൌകര്യം പോലെ നിത്തി വെക്കേണ്ട കാര്യമാണൊ? മാധവൻെറ അടിയന്തര കാര്യം എന്താണ്?

മാധവൻ: വളരെ അടിയന്തരമാണ്. അതു നിത്തിവെപ്പാൻ തരമില്ല.

കുറുപ്പ്: നിത്തിവെച്ചാലും വേണ്ടില്ല എനിക്കു, നടത്തിയാലും വേണ്ടില്ല. മാധവൻെറ ഇഷ്ടംപോലെ ചെയ്യുകൊള്ളൂ. എന്നൊടൊന്നും പറയണ്ടാ. ആ പെണ്ണിനോടു ഈ വത്തമാനം പറഞ്ഞുവൊ? മാലതീ, മാലതീ, ഇവിടെ വരൂ.
മാലതി വന്ന് കുറുപ്പിൻെറ അരികത്തു ചെന്നു നിന്നു.

കുറുപ്പ്: മാലതി കേട്ടുവൊ, മാധവന്ന് വിവാഹം നിത്തിവെച്ചു കിട്ടണമത്രെ. മാലതിയുടെയും മാധവൻെറയും വിവാഹമാണ്; ഇഷ്ടംപോലെ ചെയ്യുകൊള്ളൂ.

ഈ വത്തമാനം കേട്ടതോടുകൂടി മാലതിയുടെ മുഖം വിളത്തു. മാധവൻെറ മുഖത്തേക്കൊന്ന് നോക്കി പെട്ടെന്ന് തലതിരിച്ചു. ഒരു കേഡിയെ പോലീസ്സുകാരൻ പിടിച്ച അനുഭവമാണ് അപ്പോൾ മാധവന്നുണ്ടായതു്. മാലതിയെ ഈ സംഗതി ഈ വിധത്തിൽ അറിയിക്കുവാനല്ലായിരുന്നു മാധവൻ ഉദ്ദേശിച്ചിരുന്നതു്.

മാലതി: അച്ഛാ, എന്നെ അനാവശ്യമായി ഇതിൽ ബുദ്ധിമുട്ടിക്കരുതു്. എനിക്കു ഇക്കാര്യത്തിൽ ഒരു പങ്കും ഇല്ല. എന്നും പറഞ്ഞു താഴത്തേക്കു പോയി.

മാധവൻ: ക്ഷണക്കത്തുകൾ ആക്കൊക്കെയാണയച്ചതു? ഒരു ലിസ്ററുണ്ടെങ്കിൽ ഇങ്ങോട്ട് തന്നാൽ തരക്കേടില്ല. ഞാൻ അവരെയെല്ലാം നിത്തിവെച്ച സംഗതിയെക്കുറിച്ചു എഴുതി അറിയിച്ചുകൊള്ളാം.

കുറുപ്പ്: അപ്പോൾ ഈ കാര്യം നിത്തിവെക്കാൻ തന്നെയാണൊ മാധവൻ തീച്ച്യാക്കിയതു്?

മാധവൻ: അതെ; ഈ ഞായറാഴ്ച കഴിഞ്ഞു അടുത്ത ഞായറാഴ്ചക്കു നിശ്ചയിക്കാം.

കുറുപ്പ്: വിവാഹം കഴിഞ്ഞതിന്നുശേഷം എവിടെയാണ് മാധവൻ പ്രാക്ടീസു ചെയ്യേണമെന്ന് വിചാരിക്കുന്നതു്? എനിക്കു പററിയ ഒരു സ്ഥലമായിരിക്കണം. വയസ്സുകാലത്തു മകളെ പിരിഞ്ഞിരിക്കാൻ എനിക്കിഷ്ടമില്ല. കോയമ്പത്തൂരാണെങ്കിൽ തരക്കേട്ടില്ലെന്നാണ് എൻെറ അഭിപ്രായം.

മാധവൻ: എന്നാൽ കോയമ്പത്തൂരിൽ തന്നെയാകാം. എന്നും പറഞ്ഞു താഴത്തേക്കിറങ്ങി.

മാധവൻ താഴത്തു പുറത്തളത്തിൽ എത്തിയപ്പോൾ മാലതിയവിടെ ജനവാതില്ക്കൽ അഴിയും പിടിച്ചു ഒരു അന്ധാളിപ്പോടുകൂടി നില്ക്കുകയായിരുന്നു. മാധവൻെറ വരവ് അവൾക്ക് മനസ്സിലായിയെങ്കിലും മാധവൻെറ മുഖത്തു നോക്കുവാൻ അവൾക്കു ധൈയ്യമുണ്ടായില്ല. മാധവനാകട്ടെ, അവളുടെ അരികത്തുവന്ന് നിന്നു. തൻെറ യൌവനാരംഭദശയിൽ മനസ്സിൽ അങ്കുരിച്ചതായ പ്രേമത്തിന്ന് സവ്വ ലക്ഷണയുക്തയായി കാണപ്പെട്ട ലക്ഷ്യമാണു തൻെറ കൊള്ളരുതായ്മകൊണ്ടു വിരഹമില്ലാതെതന്നെ വിരഹദുഃഖം അനുഭവിച്ചുകൊണ്ടു മുമ്പിൽ നില്ക്കുന്നതെന്നുള്ള അധമ്മബോധം മാധവനെ അല്പനേരത്തേക്കു യാതൊന്നും സംസാരിക്കാൻ നിവൃത്തിയില്ലാതാക്കി. മാലതിയാകട്ടെ, അല്പനിമിഷം മുമ്പു വിവാഹത്തിന്നു ശേഷം തനിക്കുണ്ടാവാനുള്ള ഗൃഹസ്ഥാശ്രമജീവിതത്തെ മനസ്സുകൊണ്ടു ചിത്രീകരിച്ച് ആനന്ദമഗ്നയായിരിക്കുന്നവസരത്തിലാണ് നക്ഷത്രനാഥൻ കാർമേഘത്തിൽ പെട്ടു് ചന്ദ്രിക അല്പം മങ്ങിയെന്നു് തോന്നുമാറു് വിവാഹാടിയന്തരം നിൎത്തിവെക്കാൻ പോകുന്ന വിഷയത്തെപ്പററി അച്ഛൻെറ പക്കൽ നിന്നു അപ്രതീക്ഷിതമായി അറിവു കിട്ടിയതു്.

മാധവൻ: മാലതി, നിഷ്കപടമായ എൻെറ പ്രേമത്തെ സംബന്ധിച്ചും, മാലതിയിലുള്ള വിശ്വാസത്തെ സംബന്ധിച്ചും എന്തുതന്നെ വന്നാലും യാതൊരു തെററിദ്ധാരണയും ഉള്ളിൽ കടന്നു കൂടുവാൻ സമ്മതിക്കരുതെ. നമ്മുടെ വിവാഹം കഴിഞ്ഞു നാം രണ്ടുപേരും അന്യോന്യം പൂണ്ണസ്നേഹത്തോടും വിശ്വാസത്തോടുംകൂടി ജീവിക്കുന്ന ഘട്ടത്തിൽ ഇന്നു വിവാഹകമ്മം നിൎത്തിവെക്കാനിടവന്ന സംഭവത്തെപ്പററി ഞാൻ പറയേണ്ടു്. അന്ന് എന്നിൽ ഇപ്പോൾ ഉള്ളതിലും അധികമായ വിശ്വാസത്തിന്നിടവരികയും ചെയ്യും.

മാലതി; നാം രണ്ടു പേരും പ്രേമചിന്തകൾ അന്യോന്യം കൈമാററം ചെയ്തു, ദുഃഖലോകത്തിൻെറ നടുവിൽ സുഖിക്കാനായി ഒരു നന്ദനവനം കെട്ടിച്ചമച്ചു കഴിയേണ്ടതായ ഈ സന്ദൎഭത്തിൽ, അവനവൻെറ സ്നേഹവിശ്വാസ കായ്യം ഒരു കേസ്സാക്കി, അതു സത്യത്തിന്ന് വെക്കേണ്ടിവന്നുവെന്നോക്കുമ്പോൾ മാത്രം എനിക്കു അല്പം ആശ്വാസക്കുറവു തോന്നുന്നുണ്ടു്. എന്നാൽ എൻെറ സ്നേഹത്തിന്നു് ഒരു കളങ്കം തട്ടുന്നതായി അങ്ങു് പരിഭ്രമിക്കേണ്ട.

മാധവൻ: എൻെറ അടിയന്തര കായ്യങ്ങളെല്ലാം ഉടനെ അവസാനിപ്പിച്ചു ഇങ്ങോട്ടു് വരണ്ടു്. എന്നും പറഞ്ഞു് മാധവൻ ഇറങ്ങിപോയി.

മാധവൻ പോയി അധികം താമസിയാതെ കുറുപ്പ് താഴത്തെക്കിറങ്ങിവന്നു. അല്പ നേരത്തിന്നുള്ളിൽ കുമാരനും വന്നെത്തി.

കുമാരൻ: എന്താണ് വിവാഹത്തിൻെറ ശ്രമങ്ങളൊന്നും കാണുന്നില്ലല്ലോ. മാററന്നാളായില്ലെ?

കുറുപ്പ്: മാററന്നാൾ വേണ്ടെന്നു പറഞ്ഞു് മാധവൻ ഇപ്പോൾ ഇവിടെ നിന്നുപോയതെ ഉള്ളു. പിറെറത്തെ ഞായറാഴ്ച മതിയെന്നാണ് ആയാളുടെ നിശ്ചയം.

കുമാരൻ: വിവാഹമുഹൂൎത്തത്തിൻെറ തലേ ദിവസം അങ്ങിനെ നിശ്ചയിച്ചിട്ടന്താണ്? ക്ഷണക്കത്തുകളെല്ലാം അയച്ചില്ലെ? ക്ഷണിച്ചവർ മാററന്നാൾവന്നു ചേരുമ്പോൾ അവരോടു പോയ്ക്കൊള്ളാൻ പറയുന്നതു ന്യായമാണൊ?

കുറുപ്പ്: എന്നോടെന്താണ് ഇതെല്ലാം ചോദിക്കുന്നതു്? മാധവനും മാലതിയും തീൎച്ചയാക്കുമ്പോലെയല്ലെ എനിക്കു നിവൃത്തിയുള്ളു. എന്നോടു യാതൊരു കായ്യവും ചോദിച്ചിട്ടു് ഫലമില്ല.

കുമാരൻ; വിവാഹം നിൎത്തിവെക്കാനെന്താണത്രെ കാരണം? മാധവനോടു ചോദിച്ചില്ലെ? മാധവൻെറ ഈ കൊള്ളരുതാത്ത സമ്പ്രദായത്തിൽ മാലതിക്കെന്താണ് ചുമതല? നിങ്ങൾ എന്തിനാണ് അവരെ രണ്ടാളെയും കൂട്ടി പറയുന്നതു്?

കുറുപ്പ്: എന്നോടൊന്നും ആയാൾ പറകയുണ്ടായില്ല.

കുമാരൻ; മാലതിയോടു പറഞ്ഞിട്ടുണ്ടൊ?

കുറുപ്പ്: ഉണ്ടോ മാലതി?

മാലതി: എന്നോടു യാതൊന്നും പറകയുണ്ടായിട്ടില്ല. പക്ഷെ, തക്കതായ കാരണമുണ്ടാകുമെന്നു എനിക്കറിയാം.

കുമാരൻ: കുറുപ്പെ, നിങ്ങൾ എന്നോടു മുഷിയണ്ട. മാധവൻെറ ഈ സ്വഭാവം വളരെ ശങ്കിക്കേണ്ടതാണെന്നു എനിക്കു തോന്നുന്നു. കവിതയുണ്ടാക്കി മാലതിക്കു ചൊല്ലികേൾപ്പിക്കാനും കാവ്യം വായിക്കാനും അതിൻെറ രസം ആസ്വദിക്കാനും, ധനശാസ്ത്രം പഠിപ്പിക്കാനും മററും ഇയ്യാളെക്കാൾ അറികയില്ല. എങ്കിലും നിങ്ങളെയൊ, നിങ്ങടെ മകളെയൊ അവമാനിക്കത്തക്ക ഒരു കമ്മം ചെയ്യുന്നവനല്ല കുമാരൻ.

മാലതി: മാധവൻ എന്നെയൊ, അച്ഛനെയൊ അവമാനിച്ചുവെന്നുള്ള ബോദ്ധ്യം എനിക്കു തീരെയില്ല. പിന്നെ കുമാരനെന്തിനാണ് ഇത്ര കണ്ടു ക്ഷോഭം ചെയ്യുന്നതു്?

കുമാരൻ: കുറുപ്പെ, മാധവനിലുള്ള ഭ്രമം കൊണ്ടു് നിങ്ങൾക്കും മാലതിക്കും തിമിരംവന്നിരിക്കുന്നു. രാമകൃഷ്ണൻ നാളെ വരുമല്ലൊ. അവനു ശരിയായ സുബോധം ഉണ്ടൊ ഇല്ലയൊ എന്ന് ഒന്ന് പരീക്ഷിക്കാം. അതുവരെ ഞാൻ നിങ്ങളെ ഉപദേശിക്കുന്നില്ല.

(തുടരും)

(൮-ാം പേജിൽനിന്നു തുടൎച്ച)

അദ്ധ്യക്ഷൻ: ഏയി. പ്രസംഗം ഒന്നുമല്ല ഇനിവേണ്ടതു്. അദ്ദേഹത്തിൻെറ പ്രസംഗവും സംശയങ്ങളുടെ മറുപടിയും കേട്ടതിന്നുശേഷം ഇല്ലത്തുനിന്നു നേരിട്ടുതന്നെ ഒരു കൃഷിയുണ്ടാക്കി നോക്കാമെന്ന നോക്ക്തന്നെ ഒരു മോഹം ഇല്ലായ്കയില്ല. അതിന്നുള്ള എല്ലാ ഒത്താശകളും ഇന്നത്തെ ഉദ്യോഗസ്ഥൻ തന്നെ ചെയ്തുതരണം. പച്ചക്കറിയാണെങ്കിൽ അതും ആവാം. അതൊക്കെ രാഘവനെ ഏല്പിച്ചു, കെട്ടൊ, രാഘവാ. നമ്മെപ്പോലെ ഇതിന്നുള്ള സ്ത്രീ മുക്കാലും ആൾക്കും കൃഷിയിൽ എപ്പെട്ടാൽ കൊള്ളാമെന്ന മോഹം ജനിച്ചിട്ടുണ്ടായിരിക്കുമെന്നാണ് എനിക്കു തോന്നുന്നതു്.

സാമാജികന്മാർ: ഓഹോ അങ്ങിനെതന്നെയാണ്— നിശ്ചയമായും.

അദ്ധ്യക്ഷൻ: അങ്ങിനെയാണെങ്കിൽ ഉദ്യോഗസ്ഥനു നല്ല മിനക്കേടു തന്നെയാം. ഇതുകൊണ്ടൊക്കെതന്നെയാണൊ ഈയ്യിടെയായിട്ടു അസ്സുതി, റജിസ്ത്രാഫീസ്, കോടതി, സ്കൂൾ വളപ്പുകളിലും മററും പൂളക്കിഴങ്ങും മററു പല കൃഷികളും ഇതുവരെ കാണാത്തതൊക്കെ കണ്ടുവരുന്നതു്.

കൃ. ഡി: അതെ, അതൊക്കെ ഗവമ്മേണ്ടിൻെറ കല്പനപ്രകാരം വെച്ചു് പിടിപ്പിച്ചതാണ്. എന്നാൽ ഞാൻ പറയുന്നതു് ഗവമ്മേണ്ടിൻെറ നിൎബ്ബന്ധപ്രകാരം വെച്ചുപിടിപ്പിച്ചതുകൊണ്ടൊന്നും നമുക്കു സ്ഥിരമായ ഗുണം കിട്ടാൻപോകുന്നില്ല. നാം തന്നെ നമ്മുടെ ഉത്സാഹത്തിൽ വെച്ചുപിടിപ്പിക്കുന്നതായാൽ അതിൻെറ ഫലം എന്നെന്നേക്കും നമുക്കു അനുഭവിക്കാൻ ഇടവരുന്നതാണ്. ഇത്തരത്തിൽ ഉത്സാഹമുള്ള ആളുകൾക്ക് വേണ്ടി മിനക്കെടുന്നതു് എനിക്കു എത്രയും സന്തോഷകരമായിട്ടുള്ളതാണ്. ഇത്തരം ആളുകളെ മേലിൽ ഉള്ള യോഗങ്ങളിലും കിട്ടാൻ ഇടവരുന്നതായാൽ യുദ്ധ വിജയത്തിന്നു ഇത്ര വലിയ സഹായം വേറെ ഇല്ലെന്ന് സധൈയ്യം പറയാം.

നന്ദിപ്രകടനത്തോടുകൂടി സഭ പിരിഞ്ഞു.

# മരക്കിഴങ്ങ്

## കൃഷിചെയ്യേണ്ട സമ്പ്രദായങ്ങളും, കിഴങ്ങുപയോഗപ്പെടുത്തേണ്ട മാർഗ്ഗങ്ങളും

ഇന്ത്യ കർഷക രാജ്യമാണെങ്കിലും 40 കോടി ഇന്ത്യൻ ജനതയ്ക്കു പ്രത്യബ്ദം ആവശ്യമായി വരുന്ന 3¾ കോടി ടൻ ഭക്ഷണപദാർത്ഥം ഉൽപാദിപ്പിക്കുവാൻ അവളിന്നും ശക്തയല്ല. അകയാൽ 43½ ലക്ഷം ടൻ അരിക്കു നാം—ഭാരതീയർ—അടുത്തകാലംവരെ ബർമ്മ, സയാം, ഇൻഡോചൈന എന്നീ അയൽരാജ്യങ്ങളെ ആശ്രയിക്കുകയായിരുന്നു പതിവ്. ഇന്ന് ലോകമാകമാനം നടനം ചെയ്യുന്ന യുദ്ധരാക്ഷസി പ്രസ്തുത രാജ്യങ്ങളെ അന്യാധീനപ്പെടുത്തുകയാൽ ഭാരതത്തിൽ നേരിട്ടിരിക്കുന്ന ഭക്ഷണക്കുഴപ്പം പരിഹരിക്കുന്നതിന്ന് വേണ്ടി ഇന്ത്യാ ഗവമ്മേണ്ടിന്റെ പിന്തുണയോടുകൂടി കർഷകന്മാർ ദത്തശ്രദ്ധരായിരിക്കുകയാണല്ലോ. എന്നാൽ ഈയവസരത്തിൽ ഗവമ്മേൻറ് പ്രോത്സാഹിപ്പിക്കുന്നതും കർഷകന്മാർ ശ്രദ്ധിച്ചു കാണുന്നതും നെൽകൃഷിയിലോ മററു ധാന്യോൽപാദന വിഷയത്തിലോ, അല്ല, പ്രത്യുത മരക്കിഴങ്ങു കൃഷിയിലാണ്. ആകയാൽ മരക്കിഴങ്ങു കൃഷി ചെയ്യേണ്ട സമ്പ്രദായങ്ങളെ സംബന്ധിച്ചും കിഴങ്ങുപയോഗപ്പെടുത്തേണ്ട രീതിയെക്കുറിച്ചുമുള്ള ഒരു സംക്ഷിപ്ത വിവരണം പൊതുജനങ്ങൾക്കു നൽകുന്നതു് ഈയവസരത്തിൽ സമുചിതമായിരിക്കുമെന്ന് വിശ്വസിക്കുന്നു.

മരക്കിഴങ്ങു, മരച്ചീനി, ചീനി, കപ്പച്ചീനി, കപ്പക്കിഴങ്ങ്, കപ്പപ്പൂള, പൂളക്കിഴങ്ങ് എന്നിങ്ങനെ സ്ഥലഭേദമനുസരിച്ചു ഇതിന്ന് വിവിധാഭിധാനങ്ങളുണ്ട്. അതുപോലെത്തന്നെ വെള്ള, ചുകപ്പ്, നീല (കറുപ്പ്) എന്നിങ്ങനെ ജാതിയിൽ പല വിഭാഗങ്ങളും, ഓരോന്നിന്നും പല അവാന്തരവിഭാഗങ്ങളും ഉണ്ട്. ഇവയിൽ വെള്ള വർഗ്ഗമാണ് പൊതുവിൽ നല്ലതെങ്കിലും കൊച്ചിയിൽ ഇപ്പോൾ സുലഭമായി കൃഷിചെയ്തുവരുന്ന ബട്ടർസ്റ്റിക്ക് (Butter Stick) എന്ന ഒരു തരം വെള്ളയാണ് ഏററവും മികച്ച ജാതി. നീല (കറുപ്പ്) വർഗ്ഗത്തിന്നു കട്ടു (വിഷാംശം) ണ്ടെങ്കിലും മേനി അധികം വിളയുന്നതിനാൽ തൽവർഗ്ഗമാണ് വ്യവസായികളധികവും കൃഷിചെയ്തു വരുന്നതു്.

മരക്കിഴങ്ങിന്റെ ജന്മഭൂമി ദക്ഷിണാമേരിക്കയാണ്. അവിടെനിന്നും 17-ാം ശതകത്തിൽ ആണ് പോർത്തുഗീസുകാർ ഇന്ത്യ, സിലോൺ, എന്നീ രാജ്യങ്ങളിലേക്കു ഇതു കൊണ്ടുവന്നതു്. അന്നു മുതല്ക്കു തന്നെ ഇന്ത്യയിൽ പലേടങ്ങളിലും ചുരുങ്ങിയ തോതിൽ മരക്കിഴങ്ങു കൃഷി ചെയ്വാൻ തുടങ്ങിട്ടുണ്ടെങ്കിലും അടുത്തകാലത്തു മാത്രമെ കേരളത്തിൽ ഇതിന്ന് പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ളു. തിരുവിതാംകൂറിൽ വിശാഖം തിരുനാൾ തിരുമേനിയുടെ ഭരണകാലത്തു, അദ്ദേഹമാണത്രെ മരക്കിഴങ്ങു കൃഷി നടപ്പിൽ വരുത്തിട്ടുള്ളതു്.

തെങ്ങിൻ കൃഷിയുടെ ആധിക്യത്താൽ മററു ഭക്ഷ്യോൽപാദനം സുദുർല്ലഭമായ കേരളത്തെ സംബന്ധിച്ചേടത്തോളം ഇതു ആദായകരമായ ഒരു കൃഷിയാണ്. തെങ്ങിന്നിടയിലെ ഒഴിവുസ്ഥലങ്ങളിലും മരക്കിഴങ്ങു കൃഷി ചെയ്യുന്നതിന്ന് സൌകര്യമുണ്ടെന്നുള്ളതാണ് ഇതിന്നു കാരണം. അതിന്നും പുറമെ മഴയെമാത്രമാശ്രയിച്ചു വളത്താവുന്നതാകയാൽ ഏതു തരം പറമ്പുകളിലും മരക്കിഴങ്ങു സുലഭമായി കൃഷി ചെയ്യാവുന്നതാണ്. എങ്കിലും മണൽ ചേർന്ന പശിമമണ്ണാണ് ഇതിന്നുത്തമമായിട്ടുള്ളതെന്ന് പ്രത്യേകം പ്രസ്താവ്യമത്രെ. ഏതുതരം നിലങ്ങളും നല്ലവണ്ണം ഉഴുതു ഒരേക്ര സ്ഥലത്തിന്ന് 10 വണ്ടി ചാണകം—സസ്യങ്ങൾ ചീഞ്ഞവളമായിരുന്നാലും മതി—1,500 റാത്തൽ വെണ്ണീർ, 200 റാത്തൽ എല്ലുപൊടി എന്നീ തോതിൽ വളം ചേർത്താണ് പ്രസ്തുത കൃഷി ചെയ്യേണ്ടതു്. ഈ തോതിൽ വളം ചേർത്താലും അധികരിച്ച ചിലവു ഏക്ര ഒന്നിന്ന് 20 ക.യും ചുരുങ്ങിയ വരവു 60 ക.യുമാണെന്നാണ് അനുഭവസ്ഥന്മാരുടെ അഭിപ്രായം.

ഉഴുതു വളം ചേർത്തു ശരിപ്പെടുത്തിയ നിലത്തു അഞ്ചാറടി അകലെയായി കുഴികളുണ്ടാക്കി ചപ്പും ചവറും നിറച്ചു അതിന്മുകളിൽ മണ്ണ് കുമ്പാരമായി കൂട്ടിയോ മുമ്മൂന്നടി അകലത്തിലും ഓരോ അടി ഉയരത്തിലും ഏരികൾ (കള്ളികൾ) ഉണ്ടാക്കിയോ അതിന്മേൽ തലകൾ—മരക്കിഴങ്ങിൻ തടികൾ—നടുകയാണ് പതിവു. ആദ്യം പറഞ്ഞ സമ്പ്രദായമാണ് വിള നന്നാക്കാൻ ഏററവും ഉത്തമമായിട്ടുള്ളതു്. നന്നായി മൂപ്പെത്തിയതും പുഷ്ടിയുള്ളതും പറയത്തക്ക യാതൊരു കേടുകളുമില്ലാത്തതുമായ മരക്കിഴങ്ങിൻ തടികളാണ് നടാനുപയോഗിക്കേണ്ടതു്. തടികൾ ഇളം തലകളൊഴിച്ചു (ചിലതിന്റെ തലയ്ക്കാണ് മെച്ചം) ബാക്കി ഭാഗം നാലുമുതൽ ആറംഗുലംവരെ നീളമുള്ള കഷണങ്ങളാക്കി മൂർച്ചയുള്ള കത്തികൊണ്ടു മുറിക്കേണ്ടതാണ്. നടുന്നതു കുത്തനെയോ ചരിച്ചോ ആവാം. പക്ഷെ ഒന്നൊന്നര അംഗുലത്തിലധികം തടി പുറത്തേക്കു നിർത്തുന്നതു നന്നല്ല. നട്ടശേഷം തലയുടെ ചുററും വയ്ക്കോൽ കൊണ്ടോ മററൊ പുതയ്ക്കുന്നതു നന്നു.

മണ്ണിന്ന് പശിമയും നനവുമുള്ളപക്ഷം(?) നട്ട തലകൾ എട്ടു മാസത്തിനുള്ളിൽ പറിക്കാം. വേനൽകാലത്തിന്റെ ആരംഭത്തിലും (തുലാം, വൃശ്ചികം മാസങ്ങളിൽ) അധികം പശിമയും നനവുമില്ലാത്ത ഭൂമികളിലും നടുന്ന തലകൾ വേനല്ക്കാലത്തു അരണ്ടു കിടക്കുന്നതിനാൽ വർഷമാരംഭിച്ച ശേഷമെ വളരുവാൻ തുടങ്ങുന്നുള്ളു. ആകയാൽ ആവക സ്ഥലങ്ങളിൽ നട്ട മരക്കിഴങ്ങു ഒരു കൊല്ലത്തിന്ന് ശേഷമെ പറിക്കാവൂ. തടിയുടെ തരഭേദമനുസരിച്ചും വിളവെടുക്കുന്നതിന്ന് വ്യത്യാസമുണ്ട്. എന്നാൽ വിളയിറക്കുന്നതിന്ന് ഒരു പ്രത്യേക കാലമുണ്ടെന്നു പറഞ്ഞുകൂടാ. തടി തഴക്കുന്നതിന്ന് മാത്രം മഴയോ മണ്ണിന്ന് നനവോ ഉള്ളപ്പോഴൊക്കെ വിളയിറക്കാവുന്നതാണ്. എങ്കിലും പൊതുവിൽ പറയുകയാണെങ്കിൽ ജലസൌകര്യമുള്ളദിക്കിൽ വേനല്ക്കാലത്തു നനച്ചും അല്ലാത്ത സ്ഥലങ്ങളിൽ വർഷാരംഭം മുതൽ അവസാനം വരെയും—മേടം മുതൽ തുലാം വരെയും—കൃഷിചെയ്യാവുന്നതാണ്.

നടുന്ന തലകൾ നല്ലവയല്ലെങ്കിൽ ചിതലിന്റെ കേടുണ്ടാകാനിടയുണ്ട്. എങ്കിലും വെണ്ണീർ വളമായി ചേർക്കുന്നതുകൊണ്ടു പ്രസ്തുത കേടുകൾ മിക്കവാറും പരിഹരിക്കപ്പെടാവുന്നതാണ്. കിഴങ്ങുകൾക്കു കാട്ടുപന്നി, മുള്ളമ്പന്നി, എലി, പെരുച്ചാഴി ആദിയായ ജന്തുക്കളുടെ ഉപദ്രവം ഉണ്ടാകാറുണ്ട്. എന്നാൽ കാവൽ പ്രസ്തുതോപദ്രവങ്ങളിൽനിന്ന് രക്ഷ നേടുന്നതിന്ന് പര്യാപ്തമത്രെ.

മരക്കിഴങ്ങ് പുഴുങ്ങിയും മററു പലപ്രകാരത്തിൽ പാകപ്പെടുത്തിയും ജനങ്ങൾ ആഹരിക്കുന്നു. അരിയുടെ ദൌർല്ലഭ്യം മരക്കിഴങ്ങിന്റെ ഉപയോഗത്തെ വിപുലപ്പെടുത്തീട്ടുള്ളതിനാൽ അരികൊണ്ടുണ്ടാക്കാവുന്ന മിക്ക പലഹാരങ്ങളും ഇപ്പോൾ ഇതു കൊണ്ടുണ്ടാക്കിവരുന്നു. മരക്കിഴങ്ങു വെട്ടിയുണക്കിയും മററു പലപ്രകാരത്തിലും അതിന്റെ പൊടിയെടുത്താണ് പലഹാരങ്ങൾക്കുപയോഗിക്കുന്നതു്. മരക്കിഴങ്ങു, ഭക്ഷ്യപദാർത്ഥങ്ങൾക്കു പുറമെ ശീലകളിൽ മുക്കാവുന്ന ഒരു തരം കഞ്ഞിപ്പശയുണ്ടാക്കുന്നതിന്നും മററനേകം ആവശ്യങ്ങൾക്കും ഉപയോഗപ്പെടുത്തിവരുന്നു.

മററെല്ലാ രാജ്യങ്ങളെക്കാളും മരക്കിഴങ്ങ് കൃഷിക്കു പ്രചുരപ്രചാരവും പ്രാബല്യവും സിദ്ധിച്ചിട്ടുള്ളതു ബ്രസീൽ, വെസ്റ്റ് ഇൻഡീസ് എന്നീ രാജ്യങ്ങളിലാണ്. മരച്ചീനിയിൽനിന്ന് ഒരു തരം പൊടിയെടുക്കുന്നതിന്ന് അവിടങ്ങളിൽ വമ്പിച്ച യന്ത്രശാലകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. നാനാപ്രദേശങ്ങളിലേക്കും ഈ പൊടി സുലഭമായി കയററുമതി ചെയ്യപ്പെടുന്നതിനാൽ ബ്രസീലിലും വെസ്റ്റിൻഡീസിലും ഈ വ്യവസായത്തിന്ന് കൂടുതൽ പ്രാബല്യമുണ്ട്. നമുക്കു അങ്ങാടികളിൽനിന്ന് വാങ്ങാൻ കിട്ടുന്ന മരച്ചീനിമാവിൽ മിക്കവാറും ബ്രസീലിൽനിന്നും വെസ്റ്റിൻഡീസിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്നതാണ്. യൂറോപ്പിൽ ഇറക്കുമതി ചെയ്യപ്പെടുന്ന പൊടി പലതരം പലഹാരങ്ങളാക്കി അന്യപ്രദേശങ്ങളിലേക്കു കയററി അയക്കുകയാണ് പതിവ്.

മരക്കിഴങ്ങിൻ പൊടി ഉല്പാദിപ്പിക്കുവാൻ വമ്പിച്ച വ്യവസായശാലയോ യന്ത്രസഹായമോ ആവശ്യമില്ല; അതു വെറും കുടിൽവ്യവസായമായി നടത്താവുന്നതാണ്. ആകയാൽ ഏതുതരം കൃഷിക്കാർക്കും പൊടിയുൽപാദനം സുഗമമായ രീതിയിൽ ആരംഭിക്കുന്നതിന്ന് പ്രയാസമില്ല. ഒന്നാമതായി നല്ലവണ്ണം മൂപ്പെത്തിയ മരക്കിഴങ്ങു കഴുകി തൊലികളഞ്ഞു ഉരച്ചോ അരച്ചോ മാവാക്കി കട്ടിയുള്ള ശീലയിലിട്ടു, പിഴിഞ്ഞു അതിലുണ്ടാകാവുന്ന കട്ടു (വിഷാംശം) വേർതിരിക്കുക. അനന്തരം ആഴംകുറഞ്ഞ ഇരിമ്പു പാത്രത്തിലിട്ടു മാവിന്ന് നിറഭേദം വരാതവണ്ണം പുകതട്ടിച്ചു മരച്ചട്ടുകം കൊണ്ടിളക്കി വറുക്കുക. മരക്കിഴങ്ങിൻ മാവു കട്ടകററുന്നതിന്നുവേണ്ടി മുൻ പ്രസ്താവിച്ചപ്രകാരം ശീലയിലിട്ടു പിഴിയുമ്പോൾ ഉണ്ടാകുന്ന ജലാംശം ഒരു പാത്രത്തിൽ ശേഖരിച്ചു കുറെനേരം അനങ്ങാതെ വെച്ചുകൊണ്ടിരുന്നാൽ കട്ടു വെള്ളത്തിൽ ലയിച്ചു പൊടി അടിയിൽ ഊറുന്നതും വെള്ളം ഊററിക്കളഞ്ഞു ശേഷിച്ച ഭാഗം ചൂടാക്കി വറുത്തു പൊടിയാക്കാവുന്നതുമാണ്. ചൂടധികരിച്ചാൽ നിറഭേദം സിദ്ധിച്ചും ഇളക്കലിൽ ക്രമക്കേടു വന്നാൽ കട്ടപിടിച്ചും പൊടി നാശമാകാനിടയുണ്ടെന്നുള്ളതു പ്രത്യേകം ശ്രദ്ധിക്കേണ്ടതാവശ്യം. കിഴങ്ങു തൊലികളഞ്ഞു വട്ടത്തിൽ നുറുക്കി തിളക്കുന്ന വെള്ളത്തിലിട്ടെടുത്തു ഉണക്കിയാൽ കേടുകൂടാതെ വളരെക്കാലം സൂക്ഷിക്കാവുന്നതും ആവശ്യാനുസരണം പൊടിയാക്കാവുന്നതുമാണ്.

ഇത്രയും പ്രസ്താവിച്ചതിൽനിന്ന് തന്നെ മരക്കിഴങ്ങു കൃഷിയെക്കുറിച്ചും കിഴങ്ങുപയോഗപ്പെടുത്തേണ്ട രീതിയെക്കുറിച്ചുമുള്ള ഒരു സാമാന്യജ്ഞാനമെങ്കിലും വായനക്കാർക്കു സിദ്ധിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു. മരക്കിഴങ്ങു കൃഷി കേരളത്തെ സംബന്ധിച്ചേടത്തോളം പലവിധത്തിലും ആദായകരമായ ഒന്നാണല്ലോ. ആകയാൽ മേലിലെങ്കിലും നാം പ്രസ്തുത കൃഷിയിൽ ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു. ഈ യുദ്ധകാലത്തുമാത്രമല്ല, സമാധാനകാലത്തും നമുക്കു അതൊരനുഗ്രഹമായിരിക്കുമെന്നതിന്നു സംശയമില്ല.

# 5,000 ക. ഇനാം

## ശത്രു ഏജൻറമാർ

1. ശത്രു ഏജൻറന്ന സംശയത്തിന്മേൽ ഒരാളെ ജീവനോടുകൂടി പൊതുജനങ്ങളിൽ ആരെങ്കിലും പിടിച്ചുകൊടുക്കുകയും പിന്നീട ശത്രു ഏജൻറന്ന നിലയിൽ അയാളുടെ മേൽ കുററം സ്ഥാപിക്കുകയൊ അല്ലെങ്കിൽ ശത്രുവിന്നു സഹായം നല്കുന്നതിൽ അയാൾ ഊർജ്ജിതമായി ഏർപ്പെട്ടിരിക്കുന്നുവെന്ന് രാജ്യസംരക്ഷണാധികാരസ്ഥന്മാൎക്കു ബോദ്ധ്യമാംവണ്ണം തെളിയുകയൊ ചെയ്കയും ചെയ്യുന്നതായാൽ, അങ്ങിനെയുള്ള ഏജൻറിനെ പിടിച്ചുകൊടുക്കുന്ന ഏതൊരാൾക്കും 5,000 ക. വരെ ഇന്ത്യാഗവൎമ്മേണ്ടു് ഇനാം കൊടുക്കുന്നതാണ്.

2. അങ്ങിനെയുള്ള ഏതൊരു ഏജൻറിനേയും പിടിക്കുന്നതിന്നു ഉപകരിക്കുന്ന പ്രയോജനകരമായ വിവരം പൊതുജനങ്ങളിൽ ആരെങ്കിലും നല്കുന്നപക്ഷം, അങ്ങിനെ വിവരം നല്കുന്ന ഏതൊരാൾക്കും 1,000 ക. വരെ ഇനാം കൊടുക്കുന്നതാണ്.

3. അത്തരം ഏജൻറുമാരെ പിടിച്ചുകൊടുക്കുകയും അത്തരക്കാരെ പിടിക്കുന്നതിൽ പ്രയോജനപ്പെടാനിടയുള്ള വിവരം ശേഖരിക്കുകയും ചെയ്യുന്നതു് സംബന്ധിച്ചു്, താഴെ പറയുന്ന തരത്തിലുള്ള വിവരം കഴിയുന്നത്ര വേഗത്തിൽ റിപ്പോർട്ടു് ചെയ്യേണ്ടുന്ന ആവശ്യകതയിലേക്ക് പൊതുജനങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു :—

(I) കപ്പലുകളുടെ സംശയിക്കത്തക്ക നിലയിലുള്ള പോക്കുവരവിനെപ്പററി, പ്രത്യേകിച്ചു അവ കടൽതീരത്തിന്നു വളരെ അടുത്തുകൂടി പോകുമ്പോൾ അതിനെപ്പററി;

(II) ഇന്ത്യയുടെ കടൽതീരത്തിലൊ മററു വല്ല സ്ഥലത്തൊ ആയുധവും യൂനിഫോറവും ധരിച്ചായാലും അല്ലെങ്കിൽ മററുവിധത്തിലായാലും സംശയിക്കത്തക്കവിധത്തിൽ അന്യജനങ്ങൾ സംഘംചേർന്നു കാണുന്നതിനെപ്പററി;

(III) ഐക്യരാജ്യങ്ങളുടെതല്ലാത്ത വല്ല വിമാനവും കരക്കിറങ്ങുകയൊ കടന്നുപോകുകയൊ അല്ലെങ്കിൽ വിമാനത്തിൽനിന്ന് പാരക്ഷൂട്ട് വഴിയായി ആളുകൾ താഴോട്ടിറങ്ങുകയൊ എന്തെങ്കിലും സാധനങ്ങളെ താഴോട്ടിറക്കുകയൊ ചെയ്യുന്നതിനെപ്പററി;

(IV) ശത്രുവിൻെറ പ്രവൎത്തനം കരവഴിക്കൊ, കടൽവഴിക്കൊ, ആകാശമാൎഗ്ഗമായൊ സമീപസ്ഥലത്തു് നടക്കുന്നുണ്ടെന്ന് സൂചിപ്പിക്കുന്ന വല്ല സംഭവങ്ങളേയുംപററി.

4. ശത്രു ഏജൻറിനെ പിടിക്കുന്നതിന്നായി നല്കപ്പെടുന്ന വിവരം പ്രയോജനകരമായിരിക്കേണമെങ്കിൽ, ആ വിവരം കഴിയുന്നത്ര വേഗത്തിൽ അറിയിക്കണം.

5. ശത്രു ഏജൻറുമാരായ വല്ലവരേയും പിടിച്ചാൽ, കഴിയുന്നത്ര വേഗത്തിൽ അവരെ—

(I) നാട്ടുപുറങ്ങളിൽവെച്ചാണ് പിടിച്ചതെങ്കിൽ—അംശം അധികാരിയുടേയൊ പോലീസ്സ് ഉദ്യോഗസ്ഥൻെറയൊ അടുക്കലൊ,

(II) പട്ടണങ്ങളിൽവെച്ചാണ് പിടിച്ചതെങ്കിൽ—ഏററവും അടുത്തുള്ള പോലീസ്സ് ഉദ്യോഗസ്ഥൻെറ അടുക്കലൊ പോലീസ്സ് സ്റ്റേക്ഷനിലൊ,

ഏല്പിക്കുകയൊ, അല്ലെങ്കിൽ അങ്ങിനെയുള്ളവരെപ്പററിയുള്ള വല്ല വിവരവും മേല്പറഞ്ഞ ഉദ്യോഗസ്ഥന്മാരെയൊ പോലീസ്സ് സ്റ്റേക്ഷനിലൊ അറിയിക്കുകയൊ വേണം. അംശം അധികാരിയും പോലീസ്സ് ഉദ്യോഗസ്ഥന്മാരും ആ വിവരം തൽക്ഷണം പോലീസ്സ് മേലധികാരസ്ഥന്നൊ ഏററവുമടുത്തുള്ള പട്ടാളമേലധികാരത്തിലേക്കൊ റിപ്പോർട്ടു് ചെയ്കയും വേണം.

6. ഇനാമിന്നുള്ള അപേക്ഷകൾ, സംഭവം നടന്ന തിയ്യതിയും സമയവും, സാക്ഷികളുടെ പേരുകളും, മേൽവിലാസങ്ങളും, മൊഴികളും സംബന്ധിച്ചുള്ള പൂൎണ്ണവിവരങ്ങൾ കാണിച്ചു്, തേച്ചു ചെയ്യുന്ന ആൾ എഴുത്തുമൂലം ഡിസ്ട്രിക്ടു് മജിസ്ട്രേട്ടിന്നൊ ഡിസ്ട്രിക്ടിലെ കലക്ടൎക്കൊ (നാട്ടുരാജ്യങ്ങളുടെ സംഗതിയിൽ, റെസിഡെണ്ടിന്നൊ പൊളിററിക്കൽ ഏജൻറിന്നൊ) അയക്കേണ്ടതാണ്.

7. പിടിച്ചുകൊടുക്കപ്പെട്ട ആളെ വിചാരണചെയ്തു കഴിഞ്ഞതിന്നുശേഷം കഴിയുന്നത്ര വേഗത്തിൽ സംബന്ധപ്പെട്ട ജില്ലയുടെ ചാൎജ്ജുള്ള മജിസ്ട്രേട്ടു്, വിചാരണ നടന്ന കോടതിയുടെ ശിപാൎശികളനുസരിച്ചു്, സാധാരണമായി ഇനാം കൊടുക്കുന്നതാണ്.

8. ഇനാം കൊടുക്കുന്നതു പട്ടാള അധികാരസ്ഥന്മാരുടേയും സിവിൽ അധികാരസ്ഥന്മാരുടേയും യുക്താനുസരണമായിരിക്കുന്നതും, ഇനാമിൻെറ സംഖ്യ ഓരോ വ്യക്തിയുടെയും സംഗതിയിൽ അയാൾ അറിയിച്ചുകൊടുക്കുന്ന വിവരം എത്രത്തോളം പ്രയോജനകരവും യഥാൎത്ഥവുമാണെന്നതിനനുസരിച്ചു് കണക്കാക്കുന്നതുമാണ്. ഏതെങ്കിലും ഒരാൾക്കു കൊടുക്കുന്ന ഇനാം 1-ാം പത്തിയിൽ പറഞ്ഞപ്രകാരം 5,000 ക. വരേയൊ അല്ലെങ്കിൽ 2-ാം പത്തിയിൽ പറഞ്ഞപ്രകാരം 1,000 ക. വരേയൊ ഉള്ള ഏതെങ്കിലും സംഖ്യ ആവാം.

9. ഇന്ത്യാഗവൎമ്മേണ്ടിൻെറ മുന്നനുവാദത്തോടുകൂടി അപൂൎവ്വം സംഗതികളിലൊഴികെ, കപ്പൽപടയിലും, കരസൈന്യത്തിലും, വ്യോമസൈന്യത്തിലുമുള്ള ഉദ്യോഗസ്ഥന്മാൎക്കൊ ഗസററഡ് ഗവൎമ്മേണ്ടു് ഉദ്യോഗസ്ഥന്മാൎക്കൊ ഇനാം കൊടുക്കുന്നതല്ല. എന്നാൽ സിവിൽ ഡിപ്പാൎട്ടുമെണ്ടുകളിലുള്ള നോൺ ഗസററഡ് ഗവൎമ്മേണ്ടു് ഉദ്യോഗസ്ഥന്മാർ ഇനാമിന്നു അൎഹരാണ്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.